# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി     ഒക്ടോബർ 2020



ICE FISH MERCHANT (Wholesale & Retail) | *Since 1990*

പെടക്കണ മീൻ ഇപ്പോൾ
നിങ്ങളുടെ വീട്ടുപടിക്കൽ

100% FRESH • FIRST QUALITY • NO CHEMICALS
• NO FORMALIN • WHOLESALE RATE

**തിരുക്കുടുംബം ഫിഷറീസ്**

ICE FISH MERCHANT
(Wholesale & Retail)

*Since 1990*

Call: 98460 59696 | 98461 15596 | 98461 15542

For more Details Call or Whatsapp
Shibin Antony: 98461 15519




**THIRUKKUDUMBAM FISHERIES**
Fish Market, Changanassery
**Free Home Delivery Within 3 Kilometers**



പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

## താളുകൾ മറിയുമ്പോൾ



മുഖമൊഴി — 01


കാവുകാട്ട് പിതാവ് അനിശ്ചിതത്ത്വങ്ങളിൽ ധീരമായ നേതൃത്വം — 02


കാവുകാട്ട് പിതാവ് ക്രാന്തദർശിയായ പുരോഹിതശ്രേഷ്ഠൻ — 06


വികാരിയച്ചന്റെ കത്ത് — 09


ആർച്ചുബിഷപ്പ് മാർ മാത്യു കാവുകാട്ട് മ്യൂസിയം — 11


ഭാഗ്യവാനായ മെത്രാൻ — 12


ഇനിയും ഉണ്ടോ? — 17


കാരുണ്യത്തിന്റെ കാവൽ മാലാഖ — 20


കാവുകാട്ടുപിതാവിന്റെ ആത്മീയപുത്രി — 28



ഒക്ടോബർ 2020
ലക്കം 9
വാല്യം 6

മാനേജിംഗ് എഡിറ്റർ:
വെരി. റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ
9447359521

ചീഫ് എഡിറ്റർ:
റവ. ഫാ. വർഗീസ് കിളിയാട്ടുശ്ശേരിൽ
9544416627

എക്സി. എഡിറ്റേഴ്സ്:
റവ. ഫാ. മാത്യു മറ്റം
9847660057
റവ. ഫാ. അലൻ വെട്ടുകുഴിയിൽ
7012116384
റവ. ഫാ. റിജോ ഇടമുറിയിൽ
9497801968

കൈക്കാരന്മാർ:
ജോർജ്ജുകുട്ടി വാരണത്ത്
ജോണി കണ്ടങ്കരി
വിന്നിച്ചൻ കല്ലൂക്കളം

കമ്മറ്റിയംഗങ്ങൾ:
ജിജി തോമസ് പേരകശ്ശേരി
ഡോ. ജെ.ജി. റേ
ഡോ. സോണി കണ്ടങ്കരി
ജോസ് കാട്ടടി
ജോണി കണ്ടങ്കരി
റ്റോജോ പടനിലം

പാരിഷ് കൗൺസിൽ സെക്രട്ടറി:
കൊച്ചുറാണി പനച്ചിക്കൽ

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com

# പൗരോഹിത്യസ്വീകരണത്തിന് ഒരുക്കമായുള്ള പ്രാർത്ഥന

''നിങ്ങളുടെ സ്വർഗ്ഗസ്ഥനായപിതാവ് പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ'' എന്ന് അരുളിച്ചെയ്ത മാശിഹായേ, അങ്ങയുടെ പരിശുദ്ധിയിൽ വ്യാപരിക്കുവാനും ദൈവജനത്തെ വളർത്തുവാനുമായി അങ്ങ് അഭിഷേകം ചെയ്തിരിക്കുന്ന പുരോഹിതരെ ഓർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയുടെ വിളി സ്വീകരിച്ചു ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന ഞങ്ങളുടെ ഇടവകാംഗമായ മ്ശംശാനാ ജോസഫ് ഈറ്റോലിയെയും ഇവിടെ ശുശ്രൂഷ ചെയ്ത മ്ശംശാനാ ജോസഫ് ഇരുപ്പക്കാട്ടിനെയും അങ്ങേ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. വിശ്വസ്തതയോടെ പുരോഹിതശുശ്രൂഷ ചെയ്യുവാനും, തീക്ഷ്ണതയോടെ തിരുവചനം പ്രഘോഷിക്കുവാനും ജീവിതാവസാനംവരെ വിശുദ്ധിയോടെ അങ്ങയുടെ ഹൃദയത്തിനിണങ്ങിയ പുരോഹിതരായി നിലനില്ക്കാനും വേണ്ട കൃപാവരം അവർക്ക് പ്രദാനം ചെയ്യണമേ. തിരുപ്പട്ടസ്വീകരണത്തിനായി ഒരുങ്ങുന്ന ഞങ്ങളുടെ ഇടവകയേയും, വൈദികരേയും, സന്യസ്തരേയും, കുടുംബാംഗങ്ങളേയും മറ്റെല്ലാവരേയും അങ്ങേക്ക് സമർപ്പിക്കുന്നു. അന്നേദിവസത്തെ എല്ലാ തിരുക്കർമ്മങ്ങളേയും ആശീർവദിക്കുകയും അനുഗ്രഹിക്കുകയും ശുശ്രൂഷകളിൽ പങ്കെടുക്കുന്ന എല്ലാവരെയും ദൈവാരൂപിയാൽ നിറയ്ക്കുകയും ചെയ്യണമേ.

വൈദികരുടെ രാജ്ഞിയായ പരി. മറിയമേ,
വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

വൈദികരുടെ മധ്യസ്ഥനായ
വി. ജോൺ മരിയ വിയാനീ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

സകലവിശുദ്ധരേ, മാലാഖമാരേ
തിരുസഭയ്ക്കുവേണ്ടി
പ്രാർത്ഥിക്കണമേ. ആമ്മേൻ.





**നിത്യപുരോഹിതനായ
ഈശോയുടെ പൗരോഹിത്യത്തിൽ
പങ്കുചേരാൻ ഒരുങ്ങുന്ന മ്ശംശാനമാർക്ക്
പ്രാർത്ഥനാശംസകൾ**

**ഡീ. ജോസഫ് ഈറ്റോലിൽ**
ഒക്ടോബർ 22, 2020

**ഡീ. ജോസഫ് ഇരുപ്പക്കാട്ട്**
ഒക്ടോബർ 24, 2020
സെന്റ് ജോർജ് ഫൊറോന ചർച്ച്, അമ്പൂരി



# പാവനസ്മരണയ്ക്ക്



**ജോസഫ് തോമസ്**
**അപ്പച്ചൻ**

മരണം : 28.03.2000

**റോസമ്മ തോമസ്**

മരണം : 04.11.2010



**പേരകശ്ശേരി, മറ്റം**
**ചങ്ങനാശ്ശേരി**

## In Loving Memory Of





**T.J Joseph (Babychen)**

Died on: 14.10.2019

Thoompumkal (H)
Pothode, chry

## In loving Memory of






**Joseph Job**

Kallukalam
Vazhappally
(Union Glass Emporium)

Died on: 20.09.2000

# പാവനസ്മരണയ്ക്ക്




# കെ.പി. അന്തോനിച്ചൻ

**കരിങ്ങട, ചങ്ങനാശേരി**

# സ്നേഹസ്മരണയ്ക്ക്

## മൂന്നാം ചരമവാർഷികം






## പി. സി. ജെയിംസ്
## (ചാക്കോച്ചൻ)

**പാറക്കടവിൽ, ചങ്ങനാശ്ശേരി**

മരണം: 01.11.2017



# ഒരു ധന്യസ്മരണ

ചങ്ങനാശേരി എക്യുമെനിക്കൽ മൂവ്മെന്റ് സെക്രട്ടറി ജസ്റ്റിൻ ബ്രൂസിന്റെ മാതാപിതാക്കളും സഹോദരങ്ങളും ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിനോടൊപ്പം. അരമന ചാപ്പലിൽ നടന്ന സഹോദരൻ ഫ്രാങ്ക്ളിന്റെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തോടനുബന്ധിച്ച് എടുത്ത ചിത്രം. കാവുകാട്ട് പിതാവിന്റെ ആത്മസുഹൃത്തും എസ്.ബി. ഹൈസ്കൂൾ സ്കൗട്ട് മാസ്റ്ററും ആയിരുന്നു പരേതനായ എം.റ്റി. ബ്രൂസ്.

# പാവനസ്മരണയ്ക്ക്



## അമ്മിണി ജോസഫ് (74)

**കളീയ്ക്കൽ, അങ്ങാടി**

മരണം: 03.10.2020

# രോഗീശുശ്രൂഷയുടെ 67 വർഷങ്ങൾ
# കരുതലോടെ മുന്നോട്ട്



Our Visionary & Founder
Archbishop Mar Mathew Kavukattu
(Servant of God)

## Our Departments

ST THOMAS INSTITUTE OF RESEARCH ON VENOUS DISEASES
ST THOMAS HEART INSTITUTE
ENDOCRINOLOGY
GASTROENTEROLOGY
NEPHROLOGY
NEUROLOGY
NEUROSURGERY
ONCOLOGY
UROLOGY
PAEDIATRICS
PALLIATIVE CARE
PATHOLOGY
PHYSIOTHERAPY & LIMB CENTRE
PSYCHIATRY
PULMONOLOGY
RADIOLOGY
ANESTHESIA
CRITICAL CARE
CLINICAL NUTRITION
CLINICAL PSYCHOLOGY
DENTAL & MAXILLOFACIAL SURGERY
DERMATOLOGY & COSMETOLOGY
EMERGENCY MEDICINE
ENT
GENERAL & LAPAROSCOPIC SURGERY
INTERNAL MEDICINE
NATUROPATHY & YOGA
OBSTETRICS & GYNAECOLOGY
OPTHALMOLOGY
ORTHOPAEDICS & TRAUMA CARE

24/7 SERVICE

PHARMACY | LABORATORY SERVICES
1.5T MRI SCAN | 128 SLICE CT SCAN
BLOOD BANK | DIALYSIS CENTRE | CATH LAB

To visit website

STH
ESTD 1953
ST. THOMAS HOSPITAL
CHETHIPUZHA
blessed for healing

info@st-thomashospital.com
Phone: 0481-2722100, 9207846999

(A Health Care Project of the Archdiocese of Changanasserry)

നമുക്ക് അഭിമാനിക്കാം
ചില നല്ല പാരമ്പര്യങ്ങളിൽ...

ചങ്ങനാശ്ശേരിയിലെ
ഏറ്റവും പഴക്കമുള്ള
ഫർണിച്ചർ സ്ഥാപനം

53 വർഷത്തെ
പാരമ്പര്യം
അതല്ലേ വിശ്വാസം...




ആന്റോസ് ഫർണിച്ചർ പാലസ്

സ്ഥാപിതം 1967

വൈ.എം.സി.എ. റോഡ്,
എസ്.ബി. കോളേജിന് മുൻവശം
ചങ്ങനാശ്ശേരി 686 101


ഫോൺ: 98470 51678, 96056 66640
പ്രൊപ്രൈറ്റർ: എ.എ. ഫ്രാൻസിസ്

# പാവന സ്മരണയ്ക്ക്

| വേർപാടിന്റെ 15-ാം വർഷം | വേർപാടിന്റെ 17-ാം വർഷം | വേർപാടിന്റെ 42-ാം വർഷം |
|---|---|---|
| 26-12-2020 | 05-09-2020 | 04-01-2020 |







| റ്റി.ഐ. കുര്യൻ | ത്രേസ്യാമ്മ കുര്യൻ | തോമസ് കുര്യൻ |
|---|---|---|
| (ഏഴൻ കുര്യച്ചൻ) | (കുഞ്ഞമ്മ) | (തോമാച്ചൻ) |

**തുമ്പുങ്കൽ - മഞ്ചാടിക്കര - ചങ്ങനാശ്ശേരി**


| | | |
|---|---|---|
| **തോമാച്ചൻ ട്രേഡിംഗ് കമ്പനി** | **തോമാച്ചൻ ട്രേഡിംഗ് കമ്പനി** | **ടോംസ് ജുവലേഴ്സ്** |
| കോഴഞ്ചേരി | ചങ്ങനാശേരി | കവല, മാർക്കറ്റ് റോഡ്, ചങ്ങനാശേരി |



മുഖമൊഴി

# മറയ്ക്കപ്പെടുന്ന ഭാവങ്ങൾ

**കൊറോണ** ഉടനെയെങ്ങും വിട്ടുപോകുന്ന ലക്ഷണം കാണുന്നില്ല. സാനിറ്റൈസറും, മാസ്ക്കുമൊക്കെ ജീവിതത്തിന്റെ ഭാഗമാക്കി തുടങ്ങി... കൊറോണയോടൊപ്പം ജീവിക്കാനും പഠിച്ചു തുടങ്ങി മനുഷ്യൻ... ഓൺ ലൈൻ ക്ലാസുകൾ, ഓൺലൈൻ ഓണാഘോഷം അങ്ങനെ പലതും. ആഘോഷങ്ങൾ പരിമിതമാക്കാനും അകലങ്ങൾ പാലിക്കാനും മനുഷ്യർ നിർബന്ധിതരായി.

മുഖങ്ങൾ മറയ്ക്കുക എന്നത് ഇന്ന് നിയമമാകുമ്പോൾ മാസ്ക് ധരിച്ച മുഖങ്ങൾ ഇന്ന് സാധാരണമാകുന്നു. മനുഷ്യന്റെ രഹസ്യാത്മകതയ്ക്ക് ഒരു ആവരണം കൂടി. ആക്ഷേപമല്ല മറിച്ച് ഇപ്പോൾ ഇത് അനിവാര്യം. മറയ്ക്കപ്പെടുന്ന മുഖങ്ങളിൽ മനുഷ്യഭാവങ്ങളും മറയ്ക്കപ്പെടുന്നു എന്നു മാത്രം. പുഞ്ചിരിയോ, വിഷമമോ, പുച്ഛമോ കോപമോ, പകയോ മുഖത്തെന്ന് തിരിച്ചറിയുവാൻ സാധിക്കാത്ത അവസ്ഥ... മനുഷ്യൻ കൂടുതൽ നിഗൂഢതയിലേക്ക് നീങ്ങുന്നു. ''മുഖം മനസ്സിന്റെ കണ്ണാടി''– ആ മുഖവും ഇന്നു മറക്കപ്പെടുന്നു. അല്ല മറയ്ക്കാൻ നിർബന്ധിതരാവുന്നു. ചില സങ്കടനിമിഷങ്ങൾക്ക് നടുവിൽ അത് ഇങ്ങനെ മറിഞ്ഞു കിടക്കട്ടെ എന്നും ആഗ്രഹിച്ചിട്ടുണ്ട്.

വിവാഹവേളകൾ, മൃതസംസ്കാര ചടങ്ങുകൾ... ഭാവമാറ്റങ്ങൾ ഒന്നുമില്ല മനുഷ്യമുഖത്ത് അല്ലെങ്കിൽ അതൊക്കെയും മറയ്ക്കപ്പെട്ടിരിക്കുന്നു. മനസ്സു കലങ്ങുമ്പോൾ കണ്ണീർ പൊഴിയുന്നതും മനസ്സു നിറയുമ്പോൾ പുഞ്ചിരി വിടരുന്നതും അങ്ങനെ എല്ലാം ഇന്ന് മറയ്ക്കപ്പെടുകയാണ്. അൽപമെങ്കിലും ഹൃദയത്തെ പകർത്തിയിരുന്നു മുഖം. എന്നാൽ അതും ഇന്ന് മറയ്ക്കപ്പെട്ടു തുടങ്ങുകയാണ്...

മുഖം മറച്ചു തന്നെ നമുക്കു നടക്കാം... ഒരു സമൂഹത്തിന്റെ സുരക്ഷിതത്വത്തിനായി... എന്നാൽ മനസ്സു മറയ്ക്കാതെ...

സ്നേഹപൂർവ്വം,

**വർഗീസച്ചൻ**





# കാവുകാട്ട് പിതാവ്
## അനിശ്ചിതത്ത്വങ്ങളിൽ ധീരമായ നേതൃത്വം

മാർ തോമസ് തറയിൽ

കോവിഡ് കാലഘട്ടം അനിശ്ചിതത്ത്വത്തിന്റെ കാലമാണ്. ഭാവിയെക്കുറിച്ചുള്ള ആകുലതയോടെ ദിവസങ്ങൾ തള്ളിനീക്കുന്ന ഇക്കാലത്തെ ധീരതയോടെ നേരിടാൻ നമ്മെ സഹായിക്കുന്ന വിശുദ്ധനാണ് ദൈവദാസൻ മാർ മാത്യു കാവുകാട്ട്. ജീവിതം മുഴുവനും കർത്താവിനുവേണ്ടി സ്വയം സമർപ്പിച്ച്, കാരുണ്യത്തിന്റെ മുഖവുമായി പിതൃവാത്സല്യമുള്ള ജീവിതത്തിന്റെ ഉടമയായി ജീവിച്ച്, കേരള സഭയുടെ യശസ്സ് വാനോളം ഉയർത്തുകയും വെല്ലുവിളികൾ നിറഞ്ഞകാലത്ത് സഭാമക്കളുടെ ജീവിതത്തിന്റെ ഉന്നമനത്തിനുവേണ്ടി അക്ഷീണം പ്രയത്നിക്കുകയും ചെയ്ത ധീരനായിരുന്നു ദൈവദാസൻ മാർ മാത്യു കാവുകാട്ട്.

പുരാതന ക്രൈസ്തവകേന്ദ്രമായ പാലാ പ്രവിത്താനം ഇടവകയിലെ പേരും പെരുമയുള്ള കാവുകാട്ടു കുടുംബത്തിലെ പൂർവ്വതാതനായ അരീപ്പറമ്പിൽ ഗീവറുഗീസ് കത്തനാരുടെ വംശാവലിയിലെ പുതുതലമുറക്കാരനായിരുന്നു മത്തച്ചൻ. ചെറുപ്പം മുതലേ ശാന്തവും വിനീതസ്വഭാവവുമുള്ള വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. എല്ലാവരോടും സ്നേഹവും സഹവർത്തിത്തത്തോടുകൂടിയുള്ള പെരുമാറ്റശൈലിയും കുട്ടിക്കാലം മുതലേ അദ്ദേഹം പിന്തുടർന്നിരുന്നു. ഭക്തിയിലും വിശ്വാസതീക്ഷ്ണതയിലും അൽപംപോലും കുറവുവരുത്താതെ ആഴമായ ബോധ്യങ്ങൾ രൂപവത്കരിക്കാൻ അദ്ദേഹത്തിന് സാധിച്ചു. തന്നിലുള്ള ദൈവവിളി തിരിച്ചറിഞ്ഞ് കർത്താവിന്റെ കുരിശു ചുമക്കുവാൻ പൂർണമായി ജീവിതം സമർപ്പിച്ച് അദ്ദേഹം സഭയിലെ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. യഥാർത്ഥമായ ക്രിസ്തുസ്നേഹവും അനുകമ്പ നിറഞ്ഞ മനസ്സും പുതുമയാർന്ന പ്രവർത്തനങ്ങളുമായി താൻ സ്വീകരിച്ച പൗരോഹിത്യത്തിൽ അദ്ദേഹത്തിനു



ജീവിക്കാനായി എന്ന് നിസ്സംശയം പറയാനാകും.

''മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രെ'' (മർക്കോ 10:45) എന്നുള്ള ക്രിസ്തുമൊഴികൾ പൂർണമായി നിറവേറ്റുവാൻ പിതാവ് ആത്മാർത്ഥമായി പരിശ്രമിച്ചു. സഭയ്ക്കും സമൂഹത്തിനും എതിരെ ഉണ്ടാകുന്ന വെല്ലുവിളികളെ ചങ്കുറപ്പോടെ നേരിടുന്നതിൽ പിതാവ് എപ്പോഴും മുമ്പിലായിരുന്നു. തന്റെ മുൻഗാമിയായ മാർ ജെയിംസ് കാളാശ്ശേരി പിതാവിനുണ്ടായതിൽ നിന്നും തികച്ചും വിഭിന്നമായിരിക്കില്ല തന്റെ ഭരണകാലമെന്ന് പിതാവിന് മുൻകൂട്ടി അറിയാമായിരുന്നു. വിദ്യാഭ്യാസ ബില്ലുകൾ ഗവൺമെന്റിന്റെ താത്പര്യങ്ങൾക്കനുസരിച്ച് തയ്യാറാക്കിയപ്പോൾ അത് ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള കടന്നാക്രമമാണെന്ന് തിരിച്ചറിഞ്ഞ് അവയ്ക്കെതിരെ സഭാമക്കൾക്കു പ്രതികരിക്കാനുതകുംവിധം സർക്കുലറുകളിലൂടെ അവരെ പ്രബോധിപ്പിക്കുകയും സഭാനേതൃത്വത്തോട് ചേർന്ന് അതിശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്ത് അഭിനവമോശയെപ്പോലെ മുന്നിൽ നിന്നത് മാർ മാത്യു കാവുകാട്ട് പിതാവായിരുന്നു. അക്രമരാഷ്ട്രീയത്തെ ഇച്ഛാശക്തിയോടെ നേരിട്ടതിന്റെ വലിയ തെളിവാണ് വിമോചനസമരം. ആത്മീയകാര്യങ്ങളോടൊപ്പം ഭൗതിക കാര്യങ്ങളിലും പിതാവ് ബദ്ധശ്രദ്ധനായിരുന്നു എന്നത് വിമോചന സമരപ്രസംഗങ്ങളിൽ നിന്നു മനസ്സിലാക്കാനാവും. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി മുന്നിട്ടിറങ്ങിയപ്പോഴും പിതാവിന്റെ ഏക ആശ്രയം കുരിശിൽ കിടന്ന കർത്താവായിരുന്നു. വിമോചനസമരത്തിന്റെ വിജയം തന്റെ ശക്തിയും കഴിവുമാണെന്ന് ഒരിക്കലും പിതാവ് അഭിമാനിച്ചിരുന്നില്ല. ഗവൺമെന്റുകൾക്കെതിരെ ശക്തമായ പ്രക്ഷോഭറാലി നടത്തുമ്പോഴും രാഷ്ട്രീയ നേതൃത്വം തിരഞ്ഞത് അഭിവന്ദ്യ പിതാവിനെയായിരുന്നു. പക്ഷേ ആരാലും കാണപ്പെടാതെ അരമന ചാപ്പലിൽ പ്രാർത്ഥനാനിമഗ്നായിരിക്കുന്ന പിതാവിനെയാണ് പിന്നീട് കാണാൻ കഴിഞ്ഞത്. ആഴമായ ദൈവാശ്രയത്തിൽ ചലിക്കുന്നവർക്കു മാത്രമേ ഇത് പ്രാപ്തമാവുകയുള്ളു.

കൈകളിൽ ആണിപ്പഴുതുള്ള ക്രിസ്തുവിനെ അനുഗമിക്കുന്ന എല്ലാവർക്കും വേദന നിറഞ്ഞ കുരിശ് ചുമക്കുകയെന്നത് അനിവാര്യമാണ്. ''ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ'' (മത്താ 16:24). മിശിഹായെ സ്നേഹിക്കുന്നവർക്ക് തീർച്ചയായും അവന്റെ വേദനകളിലും പങ്കുകാരാകേണ്ടിവരും. ഈശോ, തന്നെ സ്നേഹിക്കുന്നു എന്നു മനസ്സിലാക്കുന്നവർക്കു മാത്രമേ ആ സഹനങ്ങളെല്ലാം സന്തോഷത്തോടെ സ്വീകരിക്കാനാകൂ. കാവുകാട്ട് പിതാവ് തന്റെ സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിച്ചു. സ്വതസിദ്ധമായി അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ശാന്തസ്വഭാവം അദ്ദേഹത്തിന്റെ സഹനങ്ങളിലും ദർശിക്കാനാവുമായിരുന്നു. ചങ്ങനാശ്ശേരി

രൂപത അതിരൂപതയായി ഉയർത്തപ്പെട്ടപ്പോൾ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലിത്തയായത് അഭിവന്ദ്യ കാവുകാട്ട് പിതാവാണ്. പിതാവിന്റെ അടുത്തുനിന്നും ആർക്കും ഒരിക്കലും മ്ലാനമുഖത്തോടെ തിരികെ പോകേണ്ടിവന്നിട്ടില്ല എന്ന് ജനസമൂഹം ഇന്നും സാക്ഷ്യപ്പെടുത്തുന്നു. അരമനയിൽ തന്നെ കാണാൻ വരുന്ന എല്ലാവരോടും ചെറുപുഞ്ചിരി തൂകി എളിമയോടെ എഴുന്നേറ്റു നിൽക്കുന്ന പിതാവ് കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മൂർത്തീഭാവമാണ്. മനസ്സലിവും ഹൃദയാർദ്രതയുമുള്ളവനും വ്യക്തിബന്ധങ്ങൾ സൂക്ഷിക്കുന്നതിൽ നിപുണനുമായിരുന്നു കാവുകാട്ട് പിതാവ്. പാവങ്ങളോടുള്ള ദീനാനുകമ്പയും ആർദ്രമായ സ്നേഹവും പിതാവിന്റെ അജപാലന ജീവിതത്തെ കൂടുതൽ പ്രശോഭിതമാക്കുന്നു. അതിനുള്ള ഉത്തമ ഉദാഹരണമാണ് പിതാവിന്റെ ജൂബിലി ആഘോഷങ്ങളെല്ലാം മാറ്റിവെച്ച് അതിനുവേണ്ടി സമാഹരിച്ച തുക പാവപ്പെട്ട മനുഷ്യരുടെ ഭവനനിർമ്മിതിക്കായി ചെലവഴിക്കാൻ നിർദ്ദേശിച്ചത്. തന്റെ വിദേശയാത്രകൾക്കിടയിലും പാവപ്പെട്ട കുടുംബങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി പണം സമാഹരിക്കാൻ പിതാവ് പ്രത്യേകം ശ്രദ്ധപുലർത്തിയിരുന്നു.

സഹനങ്ങളെ സന്തോഷപൂർവ്വം സ്വീകരിച്ച വ്യക്തിയായിരുന്നു കാവുകാട്ട് പിതാവ്. നീറുന്ന വേദനകളുമായി തന്റെ അടുക്കലേക്ക് വരുന്നവർക്ക് ശാരീരിക ബുദ്ധിമുട്ടുകളും അസ്വസ്ഥതകളും മാറ്റിവെച്ച് അവരുടെ വേദനകളിൽ സഹാനുഭൂതിയോടെ പങ്കുചേർന്ന് ആശ്വസിപ്പിക്കുന്ന തേജസാർന്ന മുഖമുള്ള വത്സല പിതാവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞവരിൽ നിന്നു കേൾക്കാനിടയായിട്ടുണ്ട്.

ശാരീരിക വേദനകളേക്കാൾ പിതാവിന്റെ മനസ്സിനെ പിടിച്ചുകുലുക്കിയത് മറ്റൊരു സംഭവമായിരുന്നു. മറിയക്കുട്ടി കൊലക്കേസിൽ തന്റെ പുരോഹിതഗണത്തിലെ ബഹുമാനപ്പെട്ട ബനഡിക്ട് ഓണംകുളം അച്ചനെ വധശിക്ഷയ്ക്കു വിധിച്ചതാണ് ആ സംഭവം. ആ വിധി തീർത്തും പിതാവിനെ തളർത്തിയിരുന്നു. കർത്താവിന്റെ പുരോഹിതനെ വധശിക്ഷയ്ക്കു വിധിച്ചത് പിതാവിന് ഉൾക്കൊള്ളാനായില്ല. മുൾക്കിരീടം അണിഞ്ഞ ഈശോ അനുഭവിച്ച അതേ വേദനയുടെ നിമിഷങ്ങളിലൂടെയാണ് ആ സമയം പിതാവ് കടന്നുപോയത്. ജയിലിലായിരുന്നപ്പോഴും തുടർച്ചയായി കത്തുകളിലൂടെ പിതാവ് ബനഡിക്ട് അച്ചനെ ആശ്വസിപ്പിക്കാൻ ശ്രദ്ധിച്ചിരുന്നു. പിന്നീട് അച്ചൻ നിരപരാധിയെന്നു ഹൈക്കോടതി വിധിച്ചപ്പോൾ അദ്ദേഹത്തിന് ഏറെ ആശ്വാസമായി. അപരന്റെ വേദനകളിലും സങ്കടങ്ങളിലും താങ്ങായി, പിതൃവാത്സല്യത്തോടെ ചേർത്തുപിടിച്ച് എല്ലാവരേയും തന്നിലേക്ക് അടുപ്പിക്കുന്ന അപ്പനെയാണ് അഭിവന്ദ്യനായ കാവുകാട്ടു പിതാവിൽ ദർശിക്കാനാവുന്നത്.

എല്ലാ മതവിഭാഗങ്ങളും വലിയ താത്പര്യത്തോടെയാണ് പിതാവിനോട് ഇടപെട്ടിരുന്നത്. കാരണം വലിയവനെന്നോ ചെറിയവനെന്നോ

മേൽജാതിയെന്നോ കീഴ് ജാതിയെന്നോ സമ്പന്നനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ എല്ലാവരെയും ഒരുപോലെ കാണാൻ പിതാവിന് സാധിച്ചത് നിലം തികഞ്ഞ എളിമ മൂലമാണ്. മറ്റു മതസ്ഥർക്കുപോലും നേതാവിനെപ്പോലെയായിരുന്നു പിതാവ്. പ്രത്യേകിച്ച് നായർ സർവീസ് സൊസൈറ്റിയുടെ സിരാകേന്ദ്രമായ ചങ്ങനാശ്ശേരിയിലെ പല സമുദായപ്രമുഖരും പിതാവിന്റെ ആത്മമിത്രങ്ങളായിരുന്നു. നിർധനരോടും നിരാലംബരോടും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരോടുമുള്ള പിതാവിന്റെ കരുതലിന്റെ തെളിവാണ് തെക്കൻ മേഖലയിലെ കന്യാകുമാരി മിഷൻ. **ഇപ്പോൾ തക്കലരൂപതയിലെ നിദ്രവിള ആസ്ഥാനമാക്കിയുള്ള മിഷൻ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ചത് കാവുകാട്ടു പിതാവാണ്. പട്ടിണിയും സാമ്പത്തിക ബുദ്ധിമുട്ടുമില്ലാതെ സാധാരണ മനുഷ്യർക്ക് ജീവിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലും ദൈവജനത്തിന്റെ ആത്മീയപോഷണത്തിനുതകും വിധം വിശ്വാസത്തിനു ചേർന്ന രീതിയിൽ വളരാനാവശ്യമായ ഉറച്ച അടിത്തറ പാകുവാനും ഇടയായത് പിതാവിന്റെ അക്ഷീണ പ്രവർത്തനത്തിന്റെ ഫലമായാണ്.**

ജനമനസ്സിൽ വിടർന്ന് പുഞ്ചിരിച്ചു നിൽക്കുന്ന പുഷ്പമായിരുന്ന അഭിവന്ദ്യ പിതാവിനെ സ്വർഗ്ഗീയപിതാവ് തന്റെ അടുക്കലേക്ക് വിളിച്ചതിന്റെ 51 -ാം വാർഷികത്തിൽ പിതാവിനെ വിശേഷിപ്പിക്കാനാകുന്ന ഒരു നാമം 'കാരുണ്യത്തിന്റെ വിശുദ്ധൻ' എന്നല്ലാതെ മറ്റൊന്നല്ല. ആഴ്സിലെ വി. ജോൺ മരിയ വിയാനി തന്റെ മുന്നിൽ ഉണ്ടായിരുന്ന ഒരു ബാലനോട് ഇങ്ങനെ പറഞ്ഞു: ''എനിക്ക് ആഴ്സിലേക്കുള്ള വഴികാട്ടുക, ഞാൻ നിന്നെ സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിക്കാം.'' കേരളസഭയിലെ ജ്വലിക്കുന്ന ഹൃദയത്തിനുടമയായ കാവുകാട്ട് പിതാവ് തന്റെ അടുത്ത് വന്നിട്ടുള്ളവർക്കെല്ലാം സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിക്കുകയും പിതാവായ ദൈവത്തിന്റെ കരുണാർദ്രസ്നേഹം ആവോളം അനുഭവിക്കുവാൻ അവസരമൊരുക്കുകയും ചെയ്തിട്ടുണ്ട്. ശാന്തശീലനായ കാവുകാട്ട് പിതാവ് വൈദികരോടും സന്യസ്തരോടും അല്മായരോടും ഒരുപോലെ സൗഹൃദം പുലർത്തുകയും അവരുടെയെല്ലാം പ്രീതീപാത്രമാവുകയും ചെയ്തിട്ടുണ്ട്. തന്റെ സന്ദർശകരായ അന്യമതസ്ഥരെപ്പോലും വളരെ കരുതലോടെ കാണുകയും അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു. സഭയ്ക്കും സമൂഹത്തിനും ദിശാബോധം പകർന്നു നൽകിയ മാർ മാത്യു കാവുകാട്ട് പിതാവ് ദൈവകരുണയുടെ യഥാർത്ഥമുഖം എന്താണെന്ന് നമുക്ക് വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. കരുണയും സഹോദരസ്നേഹവും വറ്റി സ്വന്തംകാര്യം മാത്രം നോക്കി ജീവിക്കുന്ന നമ്മുടെ സമൂഹത്തിന് കാരുണ്യത്തിന്റെ ആൾരൂപമായ ഈ വിശുദ്ധനിൽ നിന്നും ഏറെ പഠിക്കാനുണ്ട്. ഈ സ്വർഗ്ഗീയ പുഷ്പം പ്രസരിപ്പിക്കുന്ന വിശുദ്ധസൗരഭ്യം കരുണയുടെ വഴിത്താരയിൽ നമുക്ക് മാർഗ്ഗദീപമാകട്ടെ.

■

● അനുഗ്രഹ സന്ദേശം

# കാവുകാട്ട് പിതാവ് ക്രാന്തദർശിയായ പുരോഹിതശ്രേഷ്ഠൻ

**പരിശുദ്ധിയു**ടെ പരിമളത്താൽ നമ്മെ പൂരിതരാക്കിയ വലിയ ഒരു പുണ്യാത്മാവിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ കൃതജ്ഞതയോടെ നാമിന്ന് ഒത്തു ചേർന്നിരിക്കുന്നു. കോവിഡും അനുബന്ധദുരിതങ്ങളും ജീവിതത്തെ ദുസ്സഹമാക്കുന്ന ഈ കാലഘട്ടത്തിൽ പാവങ്ങളുടെ പിതാവ് എന്നറിയപ്പെടുന്ന അഭിവന്ദ്യ കാവുകാട്ട് പിതാവിന്റെ മാധ്യസ്ഥ്യം നമുക്ക് തുണയും കരുത്തുമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വിശുദ്ധ ജീവിതങ്ങളെ സഭ എക്കാലവും ഉയർത്തിക്കാട്ടുന്നത് സഭാമക്കൾക്കുള്ള വലിയ മാതൃകകൾ എന്ന നിലയ്ക്കാണ്. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും വിശുദ്ധി അഭംഗുരം കാത്തുസൂക്ഷിച്ച പുണ്യാത്മാവ് എന്ന നിലയിലാണ് അഭിവന്ദ്യ കാവുകാട്ട് പിതാവിന്റെ മാതൃക നമ്മെ പ്രചോദിപ്പിക്കുന്നതും വെല്ലുവിളിക്കുന്നതും. ഉത്സാഹിയായ വിദ്യാർത്ഥി, ധിഷണാശാലിയായ അധ്യാപകൻ, തീക്ഷ്ണതയും പ്രാഗത്ഭ്യവും ഒത്തിണങ്ങിയ പുരോഹിതൻ, ക്രാന്തദർശിയായ പുരോഹിതശ്രേഷ്ഠൻ - ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും താനായിരുന്ന ഇടങ്ങളിലെല്ലാം വിളങ്ങി നിന്ന പ്രതിഭയായിരുന്നു അഭി. കാവുകാട്ട് പിതാവ്. പക്ഷേ നാമദ്ദേഹത്തെ ഓർക്കുന്നതും ആദരിക്കുന്നതും നേടിയ വിജയങ്ങളുടെയോ വഹിച്ച പദവികളുടെയോ ഔന്നത്യത്താൽ മാത്രമല്ല; മറിച്ച്, ജീവിതത്തിലുടനീളം കാത്തുസൂക്ഷിച്ച എളിമയുടേയും വിശുദ്ധിയുടെയും പേരിലാണ്. അധികാരത്തിന്റെ ഗർവ്വുകളും നിയമത്തിന്റെ കർക്കശ്യങ്ങളും കൈയൊഴിയാൻ, അറിവിന്റെ അഹന്തകളേയും ആത്മീയതയുടെ കാപട്യങ്ങളെയും വിട്ടൊഴിയാൻ, സ്വന്തം ജീവിതം കൊണ്ടാണ് പിതാവ് നമ്മെ പഠിപ്പിച്ചത്. ഭൗതിക വിജയങ്ങൾക്കായി നെട്ടോട്ടമോടുന്നവരോട് ഈ പുണ്യാത്മാവ് തന്റെ ജീവിതംകൊണ്ട് വിളിച്ചു





പറയുകയാണ് വിശുദ്ധിയുടെ-വിശ്വസ്തയുടെ - എളിമയുടെ കാരുണ്യത്തിന്റെ - മാർഗമാണ് കൂടുതൽ അഭികാമ്യമെന്ന്.

മിശിഹായെ അനുകരിക്കലാണ് ക്രിസ്ത്യാനിയുടെ ജീവിതമെങ്കിൽ ഇതിൽ സുവിശേഷത്തിലെ ഈശോയുടെ മാനുഷിക ദൈവികഭാവങ്ങളെ ജീവിതംകൊണ്ട് അടുത്തനുകരിച്ച ഒരു അജപാലകശ്രേഷ്ഠന്റെ സ്മരണകളുടെ ദീപ്തിയിലാണ് നാമിപ്പോൾ. ആത്മീയതയുടെ ഉന്നതങ്ങളിൽ മാനുഷികതയുടെ ഭാവങ്ങൾ മറന്നു പോകാതിരുന്ന വിശുദ്ധ ജീവിതത്തിന് ഉടമയാണ് വന്ദ്യ പിതാവ്. കണ്ടുമുട്ടിയ സകലരിലേക്കും മിശിഹായുടെ കരുണ നിറഞ്ഞ സ്നേഹത്തെ പ്രസരിപ്പിക്കാൻ അദ്ദേഹത്തിനായി. പരിശുദ്ധ കുർബാനയോടുള്ള അതിരറ്റ ഭക്തിയും പരി. മറിയത്തോടുള്ള അതിരറ്റ വണക്കവും പിതാവിനെ പാവപ്പെട്ടവരിലേക്ക് കരുണയുടെ - സ്നേഹത്തിന്റെ - എളിമയുടെ ശുശ്രൂഷകനാകാൻ വേണ്ട കരുത്ത് നൽകി.

> **ആത്മീയതയുടെ ഉന്നതങ്ങളിൽ മാനുഷികതയുടെ ഭാവങ്ങൾ മറന്നു പോകാതിരുന്ന വിശുദ്ധ ജീവിതത്തിന് ഉടമയാണ് വന്ദ്യ പിതാവ്.**

പദവിയുടെ പകിട്ടിൽ പാവങ്ങളെ തഴയാതെ നിരന്തരം സഹജരുടെ ക്ഷേമമാരാഞ്ഞ വന്ദ്യ പിതാവിനെ ജനം ആദരവോടെ വിളിച്ചു ''പാവങ്ങളുടെ പിതാവ്'' എന്ന്. സഹായത്തിനായി നിങ്ങൾക്കു നേരെ നീട്ടുന്ന അഗതികളുടെ കരങ്ങൾക്കു പിന്നിൽ മിശിഹായുടെ കരങ്ങളെ നിങ്ങൾ ദർശിക്കണമെന്ന് തന്റെ പ്രഥമ ഇടയലേഖനത്തിൽത്തന്നെ ആഹ്വാനം ചെയ്തു അഭിവന്ദ്യ പിതാവ്. അപ്രകാരം രോഗികൾക്കും ആലംബഹീനർക്കും ജീവകാരുണ്യ സഹായങ്ങളേകി അർഹിക്കുന്നവരിലേക്ക് അദ്ദേഹം ഇറങ്ങിച്ചെന്നു. അത് ആയിരങ്ങളുടെ ഹൃദയങ്ങളിലേക്കുള്ള ഇറങ്ങിച്ചെല്ലൽ ആയിരുന്നു. Caritate Servire ''സ്നേഹചൈതന്യത്തിൽ സേവനം'' എന്ന തന്റെ ആപ്തവാക്യത്തോടു നീതി പുലർത്തിയ ആ ജീവിതം അഗതികൾക്കും അശരണർക്കും തണലേകി പടർന്നുനിന്നു. കൊട്ടിഘോഷങ്ങളില്ലാതെ നടത്തപ്പെട്ട അദ്ദേഹത്തിന്റെ ഈടേറിയ നിശബ്ദ സേവനം പരസ്നേഹപ്രവൃത്തികളിൽ നമുക്ക് മാതൃകയാണ്. ദൈവത്തിന്റെ പിതൃത്വത്തിലും മനുഷ്യരുടെ സാഹോദര്യത്തിലും വിശ്വസിക്കുന്നവർക്ക് ഒരു കർത്തവ്യമുണ്ട്; ഉള്ളവൻ ഇല്ലാത്തവനു കൂടി കൊടുക്കണം. ഇത് തന്റെ ജീവിതത്തിലൂടെയും എഴുത്തിലൂടെയും പിതാവ് നിരന്തരം ഓർമ്മിപ്പിച്ചു.

വിശുദ്ധി നിറഞ്ഞ ആത്മീയനേതൃത്വംപോലെ ക്രാന്തദർശിത്വത്തോടെ ഭൗതിക രംഗങ്ങളിലും വന്ദ്യ പിതാവ് തന്റെ ജനതയെ



പുരോഗതിയിലേക്കു നയിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യ രജത ജൂബിലി സ്മാരകമായി ആരംഭിച്ച ഭവന നിർമ്മാണപദ്ധതി പിൽകാലത്ത് ഗവൺമെന്റുപോലും അനുകരിക്കുകയുണ്ടായി. വിദ്യാഭ്യാസ പ്രക്ഷോഭണ കാലത്ത് കൈക്കൊണ്ട നിലപാടുകളും വടവാതൂർ സെമിനാരി സ്ഥാപനത്തിൽ നടത്തിയ നിർണായകമായ ഇടപെടലുകളുമൊക്കെ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെ തെളിയിക്കുന്നു.

**കൊട്ടിഘോഷങ്ങളില്ലാതെ നടത്തപ്പെട്ട അദ്ദേഹത്തിന്റെ ഈടേറിയ നിശബ്ദ സേവനം പരസ്നേഹപ്രവൃത്തികളിൽ നമുക്ക് മാതൃകയാണ്. ദൈവത്തിന്റെ പിതൃത്വത്തിലും മനുഷ്യരുടെ സാഹോദര്യത്തിലും വിശ്വസിക്കുന്നവർക്ക് ഒരു കർത്തവ്യമുണ്ട്; ഉള്ളവൻ ഇല്ലാത്തവനു കൂടി കൊടുക്കണം. ഇത് തന്റെ ജീവിതത്തിലൂടെയും എഴുത്തിലൂടെയും പിതാവ് നിരന്തരം ഓർമ്മിപ്പിച്ചു.**

നിരന്തരമായ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ജീവിതത്തിൽ മാത്രമാണ് ദൈവസ്നേഹം കത്തിജ്വലിച്ചുകൊണ്ടിരിക്കുന്നത് എന്ന് പഠിപ്പിച്ച അഭിവന്ദ്യ പിതാവ് തന്റെ ജീവിതത്തിൽ തികച്ചും പ്രാർത്ഥനയുടെയും ധ്യാനാത്മകതയുടെയും മനുഷ്യനായിരുന്നു. ദൈവസ്നേഹത്തിൽ തന്റെ അജഗണത്തെ വളർത്താൻ നിതാന്ത ശ്രദ്ധ പുലർത്തിയ പിതാവിന്റെ വലിയ ദർശനമാണ് മതബോധനത്തിന് രൂപതാ തലത്തിലുള്ള കേന്ദ്രം എന്ന നിലയിൽ സന്ദേശനിലയത്തിന് രൂപം കൊടുത്തത്. പാണ്ഡിത്യത്തെ വിനയം കൊണ്ടു പൊതിഞ്ഞ കാവുകാട്ടു പിതാവ് സുകൃതങ്ങളുടെ ഒരു വിളനിലമായിരുന്നു. കാലത്തിന്റെ ഗതിവിഗതികൾക്കനുസൃതം സഭയെ നയിക്കാൻ പരിശ്രമിച്ച അഭിവന്ദ്യ പിതാവിന്റെ ഈ ഓർമ്മദിനത്തിൽ വിശുദ്ധിയിലേക്കുള്ള നമ്മുടെ വിളിയെ തിരിച്ചറിയാൻ നമുക്ക് പരിശ്രമിക്കാം. വന്ദ്യ പിതാവിന്റെ മാധ്യസ്ഥ്യം തേടുന്നതോടൊപ്പം അദ്ദേഹത്തിന്റെ നാമകരണനടപടികൾ വേഗത്തിൽ പൂർത്തിയാകുന്നതിനായും നമുക്ക് പ്രാർത്ഥിക്കാം. കാവുകാട്ട് പിതാവിന്റെ മാതൃക പിൻച്ചെന്ന് ഈശോയിലേക്ക് അടുക്കുവാനും ദൈവത്തിന്റെ കരുണാർദ്രസ്നേഹം ചുറ്റുമുള്ളവരിലേക്ക് പകരുവാനും നമുക്ക് ആത്മാർത്ഥമായി ആഗ്രഹിക്കാം, പരിശ്രമിക്കാം. അതിനായി ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ .

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിൽ**

*2020 ഒക്ടോബർ 9, കാവുകാട്ടുപിതാവിന്റെ ചരമദിനത്തിൽ വി. കുർബാനമദ്ധ്യേ വായിച്ച അനുഗ്രഹ സന്ദേശം*





## വികാരിയച്ചന്റെ കത്ത്

# കുടുംബം ഗാർഹികദേവാലയം

ഈശോയിൽ പ്രിയമുള്ളവരേ,

ദൈവദാസൻ മാർ കാവുകാട്ടു പിതാവിന്റെ പുണ്യസ്മൃതികൾ നിറഞ്ഞുനിൽക്കുന്ന ഈ ദിവസങ്ങളിൽ കോവിഡ് പ്രതിസന്ധിക്കിടയിലും നാം പ്രാർത്ഥനാപൂർവ്വം പ്രത്യാശയോടെ മുന്നേറുകയാണ്. ദേവാലയ തിരുക്കർമ്മങ്ങളിൽ പങ്കുചേരാൻ കൂടുതൽ കൂടുതൽ പരിധികളും പരിമിതികളും പ്രഖ്യാപിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ആത്മീയജീവിതത്തിൽ മാന്ദ്യം ഭവിക്കാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

സുരക്ഷയ്ക്കായി നാം നമ്മുടെ വീടുകളിലേക്ക് ചുരുങ്ങുന്ന ഈ കാലഘട്ടം നമ്മുടെ വിശ്വാസരൂപവത്കരണത്തിനും കുടുംബ- അയൽ ബന്ധങ്ങളുടെ വളർച്ചയ്ക്കും ഉപകരിക്കട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്.

തിരുസഭയുടെ ഏറ്റവും ചെറിയ പതിപ്പായ കുടുംബത്തെ 'ഗാർഹിക സഭ' എന്നാണ് രണ്ടാംവത്തിക്കാൻ സുനഹദോസ് വിശേഷിപ്പിച്ചിരിക്കുന്നത്. ഈ സൂനഹദോസിലെ തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ ഇപ്രകാരം പറയുന്നു: ''കുടുംബങ്ങൾ ഗാർഹിക സഭയാണ്. അതിൽ മാതാപിതാക്കന്മാർ വചനം വഴിയും ജീവിതമാതൃക വഴിയും തങ്ങളുടെ മക്കളുടെ വിശ്വാസപ്രഘോഷകരായി വർത്തിക്കണം. മക്കളോരോരുത്തരെയും അനുഗുണമായ ജീവിതാന്തസ്സ്, പ്രത്യേകിച്ച്, ദൈവവിളി

കണ്ടെത്തി അതിൽ പ്രവേശിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം'' (തിരുസഭ 12).

കത്തോലിക്കാ വേദോപദേശ സംഹിത ഇപ്രകാരം പഠിപ്പിക്കുന്നു: ''കുട്ടികൾ അവരുടെ പ്രഥമവിശ്വാസപ്രഘോഷണം കൈക്കൊള്ളുന്ന ഇടമാണ് ക്രിസ്തീയ ഭവനങ്ങൾ. അതുകൊണ്ട് കുടുംബത്തെ 'ഗാർഹിക സഭ' എന്ന് ന്യായമായും വിളിക്കാം. അത് കൃപയുടെയും പ്രാർത്ഥനയുടെയും ഭവനമാണ്; മാനുഷികമൂല്യങ്ങളുടെയും ക്രിസ്തീയഉപവിയുടെയും വിദ്യാലയമാണ്'' (CCC 1666).

''മാതാവും പിതാവും മക്കളോരോരുത്തരും മാമ്മോദീസായിലൂടെ തങ്ങൾ സ്വീകരിച്ച രാജകീയപൗരോഹിത്യം, കൂദാശകളുടെ സ്വീകരണവും പ്രാർത്ഥനയും കൃതജ്ഞതാസ്തോത്രവും, സ്വയംപരിത്യാഗവും പരസ്നേഹപ്രവർത്തനങ്ങളും നിറഞ്ഞ വിശ്വാസജീവിതസാക്ഷ്യവും വഴി, അനുഷ്ഠിക്കുന്ന ഇടമാണ് ക്രിസ്തീയ ഭവനം. ക്രിസ്തീയ ജീവിതത്തിന്റെ പ്രഥമവിദ്യാലയമാണത്. മാനുഷിക മൂല്യങ്ങൾ പരിപോഷിപ്പിക്കുന്ന ഇടം. അവിടെ ഒരുവൻ അധ്വാനത്തിന്റെ ആനന്ദവും നിലനിൽപ്പും അഭ്യസിക്കുന്നു; സഹോദരസ്നേഹവും നിരന്തര ക്ഷമയും പ്രാർത്ഥനയിലും സ്വയം ജീവിത സമർപ്പണത്തിലുമുള്ള ദൈവാരാധനയും അഭ്യസിക്കുന്നു'' (CCC 1657).

ചുറ്റും വർദ്ധിച്ചുവരുന്ന ദുർമാതൃകകൾക്കും പ്രതിസന്ധികൾക്കുമിടയിലും നമ്മുടെ മക്കളെ ആരെയും നഷ്ടപ്പെടാതെ ചേർത്തുനിർത്താൻ നമുക്ക് പരിശ്രമിക്കാം. മുടക്കം വരാതെ ദിനവും ഒന്നിച്ചു പ്രാർത്ഥിക്കുന്ന, നിരന്തരം സ്നേഹം പങ്കുവയ്ക്കുന്ന, സത്യസന്ധതയോടെ വ്യാപരിച്ചുകൊണ്ട് എപ്പോഴും അയൽക്കാരുടെ ആവശ്യങ്ങളിൽ ഇറങ്ങിചെല്ലുന്ന യഥാർത്ഥ ക്രിസ്തീയത കളിയാടുന്ന ഇടങ്ങളായി നമ്മുടെ ഭവനങ്ങളെ നമുക്ക് രൂപാന്തരപ്പെടുത്താം.

അതിനു വിഘാതമായ ദുഷ്പ്രവണതകളും ദുശ്ശീലങ്ങളും എത്ര ത്യാഗങ്ങൾ സഹിച്ചാണെങ്കിലും കുടുംബങ്ങളിൽനിന്നും അകറ്റി നിർത്തി മുന്നേറുവാൻ എല്ലാവർക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. പുണ്യപുരുഷനായ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവ് നമ്മുടെ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കുമാറാകട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് കൊച്ചുപറമ്പിൽ**
വികാരി



# ആർച്ചുബിഷപ്പ് മാർ മാത്യു കാവുകാട്ട് മ്യൂസിയം

ചങ്ങനാശേരി അതിരൂപതയുടെ താരകം, പ്രഥമ മെത്രാപ്പോലീത്ത ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ നാമധേയത്തിലുള്ള ആർച്ചുബിഷപ്പ് മാർ മാത്യു കാവുകാട്ട് മ്യൂസിയം വളരെ നാളുകളായുള്ള നമ്മുടെ സ്വപ്നമാണ്. കഴിഞ്ഞ ഏതാനും വർഷത്തെ പരിശ്രമത്തിനൊടുവിൽ മ്യൂസിയം കെട്ടിടം പണിയുവാൻ നമുക്ക് സാധിച്ചു. ഇനി ഒരു വർഷത്തിനുള്ളിൽ ബാക്കി പണി പൂർത്തിയാക്കുകയാണ് നമ്മുടെ ലക്ഷ്യം. പണികൾ തുടങ്ങിക്കഴിഞ്ഞു. ധാരാളം പണം ആവശ്യമുള്ള ഈ സ്വപ്ന പദ്ധതി ആവിഷ്കരിക്കുക ഈ കാലയളവിൽ വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. എങ്കിലും എല്ലാവരുടെയും സഹായസഹകരണങ്ങളോടെ ഈ പദ്ധതി പൂർത്തിയാക്കുവാൻ നമുക്ക് സാധിക്കും.

കാവുകാട്ട് പിതാവിന്റെ നാമധേയത്തിലുള്ള ഏത് കാര്യവും അസാധാരണമായ ദൈവപരിപാലനത്തോടെ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നുള്ളതാണ് പാരമ്പര്യം. പ്രാർത്ഥനയോടെ ഈ സംരംഭത്തിൽ നമുക്ക് പങ്കുകാരാകാം.


മ്യൂസിയത്തിൽ സൂക്ഷിക്കുന്നതിനായി കാവുകാട്ട് പിതാവിന്റെ ജീവിതവുമായ ബന്ധമുള്ള വസ്തുക്കൾ നിങ്ങളുടെ കൈവശമുണ്ടെങ്കിൽ ബന്ധപ്പെട്ടവരെ ഏല്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

കാവുകാട്ട് പിതാവിന്റെ മാദ്ധ്യസ്ഥ്യം എല്ലാവർക്കും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

**ഫാ. അലൻ വെട്ടുകുഴിയിൽ**
(ക്യുറേറ്റർ)

**ചെറുതും വലുതുമായ നിങ്ങളുടെ സംഭാവനകൾ താഴെപ്പറയുന്ന അക്കൗണ്ടിലേക്ക് നിക്ഷേപിക്കാവുന്നതാണ്.**

**SOUTH INDIAN BANK**
Branch: Changanacherry, Near SB College
**A/c No. 0034005300006553**
IFSC: SIBL 0000340





# ഭാഗ്യവാനായ മെത്രാൻ

ദൈവദാസൻ മാർ മാത്യു കാവുകാട്ടിന്റെ (1904–1969)
51–ാം ചരമവാർഷികത്തിൽ
അദ്ദേഹത്തിന്റെ പുണ്യജീവിതത്തെക്കുറിച്ചുള്ള
ഒരനുസ്മരണം

**ഫാ. ജോസഫ് (റോബി) ആലഞ്ചേരി**
(പോസ്റ്റുലേറ്റർ)

വിശുദ്ധരുടെ ദേഹവിയോഗം ഒരു നാർദ്ദീൻ തൈലകുപ്പി നിലത്തുവീണുടയുന്നതുപോലെയാണ്. തൈലത്തിന്റെ പരിമളം ആ മുറിയിലും പിന്നീട് ആ പരിസരപ്രദേശങ്ങളിലും പരക്കും. കാവുകാട്ടു പിതാവിന്റെ പുണ്യജീവിതത്തിന്റെ സുഗന്ധം സീറോ- മലബാർ സഭയിലും കേരളകരയിലും പരക്കാൻ തുടങ്ങിയിട്ട് അരശതാബ്ദം പൂർത്തിയായിരിക്കുന്നു. പുണ്യശ്ലോകനായ കാവുകാട്ട് തിരുമേനിയുടെ ചരമവാർഷികദിനത്തിൽ അദ്ദേഹത്തിലൂടെ ഭാരത സഭയ്ക്കും കൈരളിക്കും കരഗതമായ നന്മകൾ അനുസ്മരിക്കുന്നത് ഉചിതവും പ്രസക്തവുമാണ്. അധികം ജനശ്രദ്ധ ലഭിക്കാത്ത ചില സംഭവങ്ങൾ ഈ ലേഖനത്തിൽ പ്രതിപാദിക്കാം.

## മാർത്തോമാ പാരമ്പര്യത്തിന്റെ കാവലാൾ

മെത്രാനായി ചുമതലയേറ്റിട്ട് അധികദിനങ്ങൾ ആകുന്നതിനുമുമ്പുതന്നെ ഒരു ഭാരിച്ച ഉത്തരവാദിത്വം ഭാരത മെത്രാൻ സമിതി ചെറുപ്പക്കാരനായ കാവുകാട്ടു പിതാവിനെ ഏല്പിക്കുകയുണ്ടായി. മാർത്തോമാശ്ലീഹാ ഭാരതത്തിൽ വന്നതിന്റെ 19–ാം ശതാബ്ദിയും വി. ഫ്രാൻസിസ് സേവ്യർ മരിച്ചതിന്റെ 4–ാം ശതാബ്ദിയും സംയുക്തമായി കൊണ്ടാടുന്നതിനു നേതൃത്വം നൽകാൻ മാർ മാത്യു കാവുകാട്ട് നിയോഗിക്കപ്പെട്ടു. 1952–മാണ്ട് ഭാരതമാകെ ജൂബിലിവത്സരമായി പ്രഖ്യാപിക്കപ്പെട്ടു.



എറണാകുളത്തു നടന്ന സമാപന ആഘോഷത്തിൽ പങ്കെടുക്കുവാൻ സിഡ്നി ആർച്ചുബിഷപ്പായ കർദ്ദിനാൾ ഗിൽറോയിയെ പേപ്പൽ പ്രതിനിധിയായി മാർപാപ്പ നിയമിച്ചു. എന്നാൽ റോമിൽനിന്നുള്ള നിയമന ഉത്തരവുകളിൽ തോമാശ്ലീഹായുടെ ഭാരതപ്രവേശനം സംബന്ധിച്ചുള്ള പരാമർശം ഇല്ലാതിരുന്നത് സുറിയാനി കത്തോലികർക്ക് മനഃക്ലേശത്തിനു കാരണമായി. തോമാശ്ലീഹായുടെ ഭാരത പ്രേ ഷിതത്വത്തിന്റെ ചരിത്രപരത റോമിനെ ബോധ്യപ്പെടുത്തേണ്ടത്, ആഘോഷ സമിതിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ കാവുകാട്ടുപിതാവിൽ നിക്ഷിപ്തമായി. തോമാശ്ലീഹായുടെ ഭാരതയാത്രയും ശ്ലൈഹിക പ്രവർത്തനങ്ങളും, സഭാപിതാക്കന്മാരുടെയും സഭാരേഖകളുടെയും ചരിത്ര തെളിവുകളുടെയും വെളിച്ചത്തിൽ വിശദീകരിച്ചുകൊണ്ട് ഒരു ദീർഘ പ്രബന്ധം തയ്യാറാക്കി അദ്ദേഹം റോമിലേക്കയച്ചു. ആ ശ്രമം വൃഥാവിലായില്ല. ശതാബ്ദി സമ്മേളനത്തിന്റെ സമാപനത്തിൽ പന്ത്രണ്ടാം പിയൂസ് മാർപാപ്പയുടെ ഒരു റേഡിയോ സന്ദേശം പ്രക്ഷേപണം ചെയ്യപ്പെടുകയുണ്ടായി. ആ സന്ദേശത്തിൽ തോമാശ്ലീഹായുടെ ഭാരത പ്രേഷിതത്വവും കേരളത്തിലെ സുറിയാനി സഭയുടെ ശ്ലൈഹിക പാരമ്പര്യവും അർത്ഥശങ്കയ്ക്ക് ഇടം നൽകാത്തവിധം പരിശുദ്ധ പിതാവ് പ്രസ്താവിക്കുകയുണ്ടായി. മാർപാപ്പയുടെ സന്ദേശം മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി വായിച്ചതാകട്ടെ കാവുകാട്ടുപിതാവും. ലത്തീൻ സഭാംഗങ്ങൾക്കുകൂടി സ്വീകാര്യമാകുംവിധം മാർത്തോമാ പാരമ്പര്യത്തിന്റെ സമ്പന്നത ഉയർത്തികാട്ടുവാൻ കാവുകാട്ടു പിതാവിന് അനിതരസാധാരണമായ കഴിവുണ്ടായിരുന്നു.

## രൂപതകൾ തമ്മിലുള്ള സഹകരണത്തിനു വഴികാട്ടി

1950 ൽ ഇന്ത്യയിലെ ഏറ്റവും വലിയ രൂപതയായിരുന്നു ചങ്ങനാശേരി. നാലു ലക്ഷത്തിലധികം വിശ്വാസികളും 360 വൈദികരുമുള്ള ഈ ബ്രഹത്‌രൂപത വിഭജിച്ച് പാലാ കേന്ദ്രമാക്കി പുതിയ രൂപത സ്ഥാപിതമായി. രൂപതാവിഭജനത്തെ തുടർന്നുള്ള സ്വത്തു ഭാഗംവെയ്ക്കലും അതിർത്തി നിർണ്ണയവും വൈദികരുടെ പങ്കിടലും മറ്റും പൊതുവെ വലിയ കീറാമുട്ടിയാണ്. എന്നാൽ ചങ്ങനാശേരി - പാലാ രൂപതകളുടെ കാര്യം തികച്ചും വ്യത്യസ്തമായിരുന്നു. അതിനു മുഖ്യകാരണം ഈ രൂപതകളുടെ പുതിയ മെത്രാന്മാർ ആത്മാർത്ഥ സുഹൃത്തുക്കളായിരുന്നു എന്നുള്ളതാണ്. 'ഒരേ ഞെട്ടിൽ വിരിഞ്ഞ രണ്ടു പുഷ്പങ്ങൾ' എന്ന അപദാനത്തിലാണ് കാവുകാട്ടുപിതാവും വയലിൽ പിതാവും അറിയപ്പെട്ടിരുന്നത്. ഒരേ സ്കൂളിൽ പഠിച്ച്, ഒരേ ദിവസം സെമിനാരിയിൽ ചേർന്ന്, ഒരേ ദിവസം വൈദിക പട്ടമേറ്റ്, ഒടുവിൽ ഒരേ ദിവസം മെത്രാൻ പട്ടവും സ്വീകരിച്ചവരായിരുന്നു അവർ. ഇരട്ടസഹോദരന്മാരുടെ സ്നേഹവും പങ്കു വെയ്ക്കലും അവർ തമ്മിൽ

മാത്രമല്ല ഇരുരൂപതകൾ തമ്മിലും രൂപംകൊണ്ടു. ഉദാഹരണത്തിന്, വിഭജനസമയത്ത് മാതൃരൂപതയെക്കാളും വൈദികരുടെ അംഗബലം പുതിയ രൂപതയ്ക്കായിരുന്നു എന്നുള്ളത് ആ മഹാമനസ്സിന്റെ അടയാളമാണ്. അതിർത്തി നിർണ്ണയം പൂർത്തിയായപ്പോൾ രണ്ടു മെത്രാന്മാരും ഒന്നിച്ച് ഒരു പൊതു ഇടയലേഖനം എഴുതി അക്കാര്യം രൂപ താ മക്കളെ അറിയിക്കുകയുണ്ടായി. രൂപതകൾ തമ്മിലുണ്ടായിരിക്കേണ്ട സ്നേഹബന്ധത്തിന്റെ ഉദാത്ത മാതൃകയായി ഇതിന്നും നിലകൊള്ളുന്നു. ചങ്ങനാശേരി - പാലാ വിഭജനം സമാധാനപരമായിരുന്നതു കൊണ്ട്, എറണാകുളം - കോതമംഗലം രൂപതകൾ വിഭജിച്ച അവസരത്തിൽ അവരുടെ മദ്ധ്യസ്ഥനായി പൗരസ്ത്യതിരുസംഘം നിയമിച്ചത് കാവുകാട്ടുപിതാവിനെയാണ്. സ്വന്തം രൂപതയുടെ ഉയർച്ചയെക്കാളും സഭയുടെ പൊതു നന്മയ്ക്കും വളർച്ചയ്ക്കും മുൻഗണന നൽകിയ വൈദികശ്രേഷ്ഠനാണ് കാവുകാട്ടുപിതാവ്. സഭാമക്കൾ തമ്മിലും രൂപതകൾ തമ്മിലുമുള്ള ഐക്യമാണ് സഭാ വളർച്ചയുടെ യഥാർത്ഥ അളവുകോൽ എന്ന ഉറച്ച ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

## കുടിയേറ്റ മക്കളുടെ വത്സല പിതാവ്

1940 കൾക്കുശേഷം അന്നത്തെ പീരുമേട് താലൂക്കിന്റെ മലയോര മേഖകളിലേക്ക് സുറിയാനികത്തോലിക്കരുടെ കുടിയേറ്റം ഏറിവന്നു കൊണ്ടിരുന്നു. രൂപതാ വിഭജനം മൂലം വൈദികരുടെ എണ്ണത്തിലെ കുറവ്, സാമ്പത്തിക ഞെരുക്കം എന്നിവ ഉണ്ടായിരുന്നുവെങ്കിലും കുടിയേറ്റ മക്കളുടെ ആത്മീയാവശ്യങ്ങൾക്ക് മുൻഗണന നൽകി കൊണ്ടുള്ള ഒരു അജപാലന പദ്ധതിയാണ് മാർ കാവുകാട്ട് ചങ്ങനാശേരിയിൽ നടപ്പിലാക്കിയത്. കാഞ്ഞിരപള്ളി ഫൊറോന പള്ളിയിൽ കൊച്ചച്ചനായിരുന്നതുകൊണ്ട് അന്നാട്ടിലെ മണ്ണിന്റെ മക്കളോട് ഒരു പ്രത്യേക മമത കാവുകാട്ടു പിതാവിനുണ്ടായിരുന്നു. ഹൈറേഞ്ചിൽ ഇടയസന്ദർശനം നടത്തുന്ന അവസരത്തിൽ എട്ടും പത്തും മൈലുകൾ കാൽനടയായി താണ്ടി ഓരോ ചെറുസമൂഹത്തെയും കണ്ടുമുട്ടുവാൻ പിതാവ് താത്പര്യമെടുത്തു. ഉടുമ്പുംചോലയിലെ അമരാവതിയിലും മലബാറിലെ കൊട്ടിയൂരിലും കുടിയിറക്കപ്പെട്ടവർക്കുവേണ്ടി കാവുകാട്ടുപിതാവ് ശക്തമായി നിലകൊണ്ടതു കൊണ്ട് അവരുടെ പുനരധിവാസം വേഗത്തിലാക്കാൻ സർക്കാർ നിർബന്ധിതരായി. 120 ലേറെ പള്ളികൾ ഇന്നുള്ള കാഞ്ഞിരപള്ളി രൂപതയിലെ ഏറ്റം പഴക്കം ചെന്ന 85 ഇടവകളിൽ 65 എണ്ണവും സ്ഥാപിതമായത് കാവുകാട്ടുപിതാവിന്റെ മേൽനോട്ടത്തിലാണ്. കാവുകാട്ടു പിതാവ് നിലം ഉഴുത്, കൃഷിയിറക്കി, കള പറിച്ച്, കൊയ്ത്തിന് പാകമാക്കിയ നല്ല നിലമാണ് ഇന്നത്തെ കാഞ്ഞിരപള്ളി രൂപത. ആ കൃഷിക്കാരന് തന്റെ അദ്ധ്വാനത്തിന്റെ ആദ്യ ഫലം കാണാനുള്ള ഭാഗ്യമുണ്ടായില്ല

എങ്കിലും, ചങ്ങനാശേരിയിൽ തന്റെ പിൻഗാമിയായി നിയമിക്കാൻ യോഗ്യതയുള്ളവരുടെ പട്ടികയിൽ (terna) കാവുകാട്ടുപിതാവ് നൽകിയ ആദ്യത്തെ രണ്ടു പേരും കാഞ്ഞിരപള്ളി രൂപതയുടെ ആദ്യത്തേയും രണ്ടാമത്തെയും മെത്രാന്മാരായി നിയമിതരായി എന്നുള്ളത് ഇനിയും പരസ്യമാകാത്ത മറ്റൊരു ചരിത്രസത്യം. ബാലാരിഷ്ടതയിൽ ആയിരുന്ന തലശേരി രൂപതയ്ക്ക് ആളും അർത്ഥവും നൽകി നിർലോപമായി പ്രോത്സാഹിപ്പിക്കുന്നതിൽ കാവുകാട്ടു പിതാവ് ദത്തശ്രദ്ധനായിരുന്നു. വള്ളോപ്പള്ളി പിതാവിന് ഏതു സമയത്തും ചങ്ങനാശേരിയിലെ പ ള്ളികളിൽ കുടിയേറ്റ രൂപതയ്ക്കുവേണ്ടി ധനശേഖരണം നടത്താൻ അനുവാദമുണ്ടായിരുന്നു.

1955 ൽ രൂപതയുടെ അതിർത്തി തിരുവിതാംകൂർ മുഴുവനിലും വ്യാപിച്ചതോടെ തെക്കൻ മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് ആവശ്യമായി വന്നു. ഭരണാധികാരം വികസിപ്പിക്കുന്നതിനു പിന്നിലെ ഉദ്ദേശ്യം സുവിശേഷവേലയാണന്നുള്ള വസ്തുത പിതാവിനു നന്നേ ബോദ്ധ്യമായിരുന്നു. ‘തെക്കൻ മിഷൻ’ എന്നൊരു പംക്തി പോലും രൂപതാ ബുള്ളറ്റിനിൽ പിതാവിന്റെ നിർദ്ദേശാനുസരണം ആരംഭിക്കുകയുണ്ടായി. കന്യാകുമാരി മിഷനിൽ ചെല്ലുമ്പോൾ നാടാർ ജനതയോടു തമിഴിൽ സംസാരിക്കാൻ പിതാവ് ശ്രദ്ധിച്ചിരുന്നു. കേരളത്തിലെ മറ്റൊരു രൂപതയ്ക്കും സാധിക്കാത്ത വിധം മിഷനറിവേലയിൽ മുന്നേറാൻ ചങ്ങനാശേരി അതിരൂപതയ്ക്ക് സാധ്യമായങ്കിൽ അതിനു പിന്നിലെ ചാലകശക്തി വിശുദ്ധിയുടെ കൈയൊപ്പുള്ള ഒരു ആത്മീയാചാര്യന്റെ ആത്മീയ നേതൃത്വമാണ്.

## ഭരണാവകാശങ്ങൾക്കുവേണ്ടി പ്രയത്നിച്ച സഭാസ്നേഹി

സീറോ-മലബാർ സഭയുടെ ഭരണാധികാരം പമ്പ-ഭാരതപുഴ നദികൾക്കപ്പുറം വിപുലീകരിക്കുന്നതിൽ കാവുകാട്ടു പിതാവിന്റെ ഇടപെടൽ നിർണ്ണായകമായിരുന്നു. 1953-ൽ കർദ്ദിനാൾ ടിസറാങ്ങ് കേരളം സന്ദർശിച്ച വേളയിൽ അദ്ദേഹത്തെ തിരുവതാംകൂറിന്റെ തെക്കൻമേഖല കൂടി പരിചയപ്പെടുത്തുവാൻ കാവുകാട്ടുപിതാവ് സമയം കണ്ടെത്തി. ടിസറാങ്ങിന്റെ പിന്നീടുള്ള ഇടപെടലുകൾ സുറിയാനി സഭയ്ക്ക് വലിയ നേട്ടമായി മാറി. 1955 ൽ ഭരണാധികാരം വിപുലീകരിച്ചതും 1956-ൽ ചങ്ങനാശേരിയെ അതിരൂപതയായി ഉയർത്തിയതും ഈ വളർച്ചയുടെ ഭാഗമായിട്ടാണ്.

സീറോ - മലബാർ സഭയിൽ രണ്ട് പ്രൊവിൻസുകൾ സ്ഥാപിച്ചത് ദോഷൈകദൃഷ്ടിയോടെ വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ 1956 ൽ ചങ്ങനാശേരിയെ കൂടി അതിരൂപതയായി ഉയർത്തിയത് സീറോ - മലബാർ സഭയുടെ വളർച്ചയുടെ ഭാഗമായിട്ടാണന്ന് അക്കാലത്തെ

ചരിത്രം പഠിക്കുന്നവർക്കു മനസ്സിലാകും. പരി.സിംഹാസനം ഈ ഒരു തീരുമാനം എടുക്കുവാൻ പലഘടകങ്ങൾ കാരണമായിട്ടുണ്ട്. അതിനു തൊട്ടുമുമ്പ് ഭാരതത്തിലെ ലത്തീൻ പ്രൊവിൻസുകൾ പുന: സംഘടിപ്പിച്ചതും, സീറോ-മലബാർ സഭയിലെ രൂപതകൾ വർദ്ധിച്ചതും, ഭരണാതിർത്തി വിപുലീകരിച്ചതും ഒക്കെ ഇതിനു കാരണമായിട്ടുണ്ട്. ലത്തീൻ സഭാനിയമപ്രകാരം അക്കാലത്ത് സീറോ- മലബാർ സഭ ഭരിക്കപ്പെട്ടിരുന്നതിനാൽ ഒരു സഭയിൽ പല പ്രൊവിൻസുകൾ എന്നതിൽ യാതൊരു അസ്വാഭാവികതയുമില്ലായിരുന്നു. ഇതിനെല്ലാംമുപരി, കാവുകാട്ടു തിരുമേനി എറണാകുളം അതിരൂപതാദ്ധ്യക്ഷ സ്ഥാനം നിരസിച്ചതും ഇന്ത്യയിലെ ലത്തീൻ മെത്രാന്മാരുടെയിടയിൽ കാവുകാട്ടുപിതാവിനുണ്ടായിരുന്ന മതിപ്പും വിശാലമായ ചങ്ങനാശേരി രൂപതയിൽ പിതാവ് ചെയ്ത അജപാലന പ്രവർത്തനങ്ങളും ഈ തെരഞ്ഞെടുപ്പിന് അനുകൂലഘടകങ്ങളായി. രണ്ടാം വത്തിക്കാൻ കൗൺസിലിനു ഒരുക്കമായുള്ള സമിതികളിൽ കാവുകാട്ടുപിതാവ് ഉൾപെടെയുള്ള കേരള സഭയിലെ മെത്രാന്മാരുടെ ശക്തമായ ഇടപെടൽ മൂലം ഇന്ത്യയിൽ പുതിയ എക്സാർകിയേറ്റുകൾ ആരംഭിക്കുവാനും സീറോ - മലബാർ സഭയ്ക്കു കഴിഞ്ഞു; അങ്ങനെ ഇന്ത്യ മുഴുവനിലും സുവിശേഷ വേലയ്ക്കുള്ള സാധ്യതകൾ തുറന്നുകിട്ടി. സഭയുടെ ഭരണ വളർച്ചയിൽ മാർ കാവുകാട്ടിന്റെ വ്യക്തിപ്രാഭവം ഒരു നിർണ്ണായക സ്വാധീനമായിരുന്നു എന്നത് നിസ്തർക്കമാണ്.

19 വർഷത്തെ മെത്രാനടുത്ത ശുശ്രൂഷയിൽ പലവട്ടം മാർപാപ്പമാരെ കണ്ടിട്ടുണ്ടെങ്കിലും കാവുകാട്ടുപിതാവ് Ad limina സന്ദർശനം നടത്തിയത് ഒരിയ്ക്കൽ മാത്രമാണ്. 1960 മേയ് 30 ന് ജോൺ 23-മൻ മാർപാപ്പയുമായി നടത്തിയ ഔദ്യോഗിക കൂടിക്കാഴ്ച കാവുകാട്ടു പിതാവ് സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്. ലത്തീൻ ഭാഷയിലാണ് അന്നവർ സംസാരിച്ചത്. വിമോചന സമരവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന സംഭവവികാസങ്ങൾ വിവരിച്ചപ്പോൾ മാർപാപ്പ ഇങ്ങനെ പ്രതികരിച്ചു. ‘‘ഈ വിശേഷങ്ങൾ സാകൂതം ഞാൻ അറിയുന്നുണ്ടായിരുന്നു. അങ്ങ് ശരിയായും ധീരമായും (recte et fortiter) അവയെ നേരിട്ടു.’’ അതിരൂപതയിലെ വിശേഷങ്ങളെല്ലാം പങ്കുവെച്ച് കൂടിക്കാഴ്ചയുടെ സമാപനത്തിൽ കാവുകാട്ടുതിരുമേനിയെ ആശ്ലേഷിച്ചു കൊണ്ട് വിശുദ്ധ ജോൺ 23-മൻ മാർപാപ്പ ആവർത്തിച്ചു പറഞ്ഞു: "Felix Episcopus"(ഭാഗ്യവാനായ മെത്രാൻ). വിശുദ്ധനായ മാർപാപ്പയുടെ ആ വാക്കുകൾ ഇന്നിപ്പോൾ അന്വർത്ഥമായിരിക്കുന്നു. ഭാഗ്യപ്പെട്ട ആ മെത്രാന്റെ ശവകുടീരത്തിൽ പ്രാർത്ഥിക്കുവാൻ ആയിരങ്ങൾ പ്രദക്ഷിണമായി എത്തുന്നു. ആ വിശുദ്ധിയുടെ പരിമളത്തിൽ അനേകർ സൗഖ്യം നേടുന്നു. ദൈവനാമത്തിനു മഹത്ത്വമുണ്ടായിരിക്കട്ടെ. ■

# ഇനിയും ഉണ്ടോ?

**ഫാ. മാത്യു മറ്റം**
(വൈസ് പോസ്റ്റുലേറ്റർ)

ഓർമ്മച്ചെപ്പ് ഒന്നു തുറന്നാൽ മനസ്സിൽ ഓടിയെത്തുന്നത് ഒരുപിടി അനുഭവങ്ങളുടെ ഓർമ്മകളാണ്. 1950 കളും അറുപതുകളുമാണ് എന്റെ ഓർമ്മയിൽ സൂക്ഷിക്കുന്ന കാലഘട്ടം. കാവുകാട്ടച്ചനെ ആദ്യം കാണുന്നത് 1950 ൽ എസ്.ബി. കോളേജിലെ മതപഠനക്ലാസുകളിലാണ്. ജൂണിലായിരുന്നു അത്. അദ്ദേഹം അന്ന് സുറിയാനി അദ്ധ്യാപകനായിരുന്നു. ആ വർഷം ജൂലൈ 25-ാം തീയതി അഭി. കാളാശ്ശേരിപ്പിതാവിന്റെ പിൻഗാമിയായി കാവുകാട്ടച്ചൻ നിയമിതനായി. പിന്നീട് അദ്ദേഹത്തെ കാണാനെത്തുന്നത് പാറേൽ മൈനർ സെമിനാരിയിൽ ചേരുമ്പോഴാണ്. അന്നു തുടങ്ങിയ പിതൃപുത്ര ബന്ധം മരണം തുടങ്ങി ഇന്നും അതു തുടർന്നുകൊണ്ടു പോകുന്നു എന്നതു മഹാഭാഗ്യമെന്നു മാത്രമേ പറയാനാകൂ.



**ഓർമ്മച്ചെപ്പ് ഒന്നു തുറന്നാൽ മനസ്സിൽ ഓടിയെത്തുന്നത് ഒരുപിടി അനുഭവങ്ങളുടെ ഓർമ്മകളാണ്. 1950 കളും അറുപതുകളുമാണ് എന്റെ ഓർമ്മയിൽ സൂക്ഷിക്കുന്ന കാലഘട്ടം.**



1961 മാർച്ച് 12–ാം തീയതി ആലുവാ മംഗലപ്പുഴ സെമിനാരിയിൽ വച്ച് അഭിവന്ദ്യ പിതാവിൽനിന്ന് പുരോഹിതപട്ടം സ്വീകരിക്കാനുമുള്ള ഭാഗ്യവുമുണ്ടായി. ആദ്യത്തെ നിയമനം നെടുംകുന്നം പള്ളിയുടെ സഹവികാരിയായിട്ടാണ്. അന്നു കുർബാനയും മറ്റ് തിരുക്കർമ്മങ്ങൾ മുഴുവനും സുറിയാനിയിലായിരുന്നു.

ഒരു വർഷത്തിനുശേഷം വികാരിയായി നിയമനം കിട്ടിയത് മുണ്ടക്കയത്തിനും അപ്പുറത്ത് മുക്കുളം പള്ളിയിൽ. ഒരു മലമ്പ്രദേശം. ശരീരത്തിനു സുഖമില്ലാതിരുന്ന അവസരം. കാര്യങ്ങൾ അന്നു സെക്രട്ടറിയായിരുന്ന ബ. കാട്ടുപറമ്പിലച്ചനോടു പറഞ്ഞു; അദ്ദേഹം പിതാവിനെ അറിയിച്ചപ്പോൾ ‘‘അച്ചനെന്താ എന്നോടു നേരിട്ടു പറയാതിരുന്നത്’’ എന്നായിരുന്നു പ്രതികരണം. പിന്നെ എനിക്കു നിയമനം കിട്ടിയത് കാഞ്ഞിരപ്പള്ളിയിലാണ്. അതൊരുവ്യത്യസ്ത അനുഭവമായിരുന്നു.

അവിടെ നിന്ന് ഒരു വർഷത്തിനുശേഷം തോട്ടയ്ക്കാടിന്റെ കുരിശുപള്ളിയായിരുന്ന ഇരവുചിറപ്പള്ളിയിൽ. 47.5 സെന്റ് സ്ഥലത്ത് ഒരു ഓലമേഞ്ഞ ഷെഡ്ഡിന്റെ മുകളിൽ കുരിശുവച്ചിരുന്ന പള്ളിയിലേയ്ക്കാണ്. അവിടെ ഇന്നു കാണുന്ന പള്ളി കൃത്യം ഒരുവർഷം കൊണ്ട് പണിചെയ്തതാണ്. അതിന്റെ വെഞ്ചരിപ്പുകർമ്മം കഴിഞ്ഞ് ഒരു മതസൗഹാർദ്ദ സമ്മേളനം നടക്കുകയാണ്. വിശാലമായ മൈതാനം. സ്റ്റേജിനുമാത്രം ഒരുപന്തൽ. സ്വാഗതപ്രസംഗം നടക്കുമ്പോൾ മഴ ചാറാൻ തുടങ്ങി. ആളുകൾ അസ്വസ്ഥരായി എഴുന്നേറ്റുതുടങ്ങി. ഞാൻ പിതാവിനെ സമീപിച്ചു പറഞ്ഞു, പിതാവു പറഞ്ഞാൽ അവർ

ശാന്തരാകും എന്ന്. ഒട്ടും താമസിച്ചില്ല, അദ്ദേഹം മൈക്കുവാങ്ങി അധികാരപൂർവ്വമെന്നപോലെ പറഞ്ഞു, ''ആരും എഴുന്നേൽക്കണ്ട, എഴുന്നേറ്റവർ അവിടെ ഇരിക്കുക. മഴപെയ്യുകയില്ല.'' ഈശോ കാറ്റിനേയും കടലിനെയും ശാസിച്ചു ശാന്തമാക്കിയതുപോലെ; എല്ലാവരും ഇരുന്നു. ഒരുതുള്ളി മഴപെയ്തില്ല. സമ്മേളനം കഴിഞ്ഞ് അരമണിക്കൂർ കഴിഞ്ഞ് നല്ല മഴയും കാറ്റും. ആ ജീവിതവിശുദ്ധിയുടെ ശക്തിയെന്തെന്ന് അന്നു മനസ്സിലായി.

1969 മെയ് 17 ന് വായ്പ്പൂർ പുത്തൻപള്ളിയിലേയ്ക്കാണ് മാറ്റം തന്നത്. ആറുമാസമായി യോഗമൊന്നും കൂടാതെ അലങ്കോലപ്പെട്ടുകിടന്ന ഒരിടവക. അവിടുത്തെ പ്രശ്നങ്ങളെല്ലാം പിതാവു പറഞ്ഞു. ''അച്ചൻ അങ്ങോട്ടുചെല്ല് നമുക്കതെല്ലാം പരിഹരിക്കാം.'' ആദ്യം പൊതുയോഗം. ബഹളവും തുടങ്ങി. കുറേസമയം ഞാൻ മൗനമായിരുന്നു. അവസാനം അല്പം ശാന്തമായപ്പോൾ ഞാൻ എഴുന്നേറ്റു പറഞ്ഞു; ''പത്തേന്തി കിട്ടിയ വിവരം അറിയിക്കാൻ ചെന്നപ്പോൾ എല്ലാം എന്നോടുപറഞ്ഞാണ്, നിങ്ങൾ ഇങ്ങനെയൊക്കെയാണെന്ന്.'' അപ്പോൾ പിതാവെന്തു പറഞ്ഞു എന്നായി അവർ. ഞാൻ പറഞ്ഞു, ''ഞാൻ യാത്രപറഞ്ഞപ്പോൾ പിതാവ്, അച്ചൻ അങ്ങോട്ടുചെല്ല് നമുക്കതെല്ലാം പരിഹരിക്കാം,'' എന്ന്. ഇതു കേട്ടപ്പോൾ അവർ ശാന്തരായി. അപ്പോൾ ഒരാൾ എഴുന്നേറ്റ് പറഞ്ഞു: ''പിതാവ് പറഞ്ഞതല്ലേ, നമുക്ക് വിവാദങ്ങൾ ഉപേക്ഷിച്ച് കണക്കെല്ലാം പാസ്സാക്കാം'' എന്ന്. എഴുന്നേറ്റുനിന്ന് കണക്ക് പാസ്സാക്കുന്നുവെന്ന് പറഞ്ഞ് എല്ലാവരും ശാന്തരായി പിരിഞ്ഞുപോയി.

ആ വർഷം (1969) സെപ്റ്റംബർ 28-ാം തീയതി വി. മത്തായി ശ്ലീഹായുടെ തിരുനാൾ കഴിഞ്ഞ് 28-ാം തീയതി പിതാവ് എന്നെ കാണാൻ വന്നു. അന്ന് ബഹു. കാലായിലച്ചനും ഉണ്ടായിരുന്നു അവിടെ. ഞാൻ കുശിനിയിൽ ഉഴുന്നുവട ഉണ്ടാക്കുകയായിരുന്നു. അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ പിതാവിന്റെ അടുത്തുവന്നു. എന്തെടുക്കുകയായിരുന്നു എന്ന് പിതാവ് എന്നോടു ചോദിച്ചു. ഉഴുന്നുവട ഉണ്ടാക്കുകയായിരുന്നു എന്ന് പറഞ്ഞ് ഞാൻ ഉഴുന്നുവട കൊണ്ടുകൊടുത്തു. അത് കഴിച്ച് കഴിഞ്ഞ് ചോദിക്കുകയാണ്, ''ഇനിയും ഉണ്ടോ'' എന്ന്, ഉടനേ ഒന്നുകൂടി കൊടുത്തു. അതുംകഴിച്ച് സന്തോഷത്തോടെ പിതാവ് യാത്രയായി. പ്രശ്നം പിടിച്ച പള്ളിയിൽ ഒരച്ചനെ നിയമിച്ചിട്ട് എന്തു സംഭവിച്ചു എന്നന്വേഷിക്കാൻ വന്നതായിരുന്നു അദ്ദേഹം. അതാണ് പിതാവിന്റെ കരുതലും കാരുണ്യവും.

പിന്നെ 12 ദിവസങ്ങൾക്കുശേഷം ഒക്ടോബർ 9-ാം തീയതി രാവിലെ കേട്ട വാർത്ത കാവുകാട്ടുപിതാവ് നിര്യാതനായി എന്നാണ്. ■



# കാരുണ്യത്തിന്റെ കാവൽ മാലാഖ

**ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ**

കേരളസഭയിൽ ദൈവകാരുണ്യത്തിന്റെ കാവൽ ദൂതനായി വിളങ്ങിയ ദൈവദാസൻ മാർ. മാത്യു കാവുകാട്ട് അമ്പത്തൊന്നാണ്ടുകൾ പിന്നിടുകയാണ്. സൂര്യൻ അസ്തമിച്ചു കഴിയുമ്പോഴും അതിന്റെ പ്രഭ തങ്ങിനിൽക്കുന്നതുപോലെ ആ ദൈവികമനുഷ്യൻ ചൊരിഞ്ഞ നന്മയുടെ നറുവെളിച്ചം ഇന്നും പ്രകാശിതമാണ്. കേരളത്തിലെ മത-സാമൂഹിക-സാംസ്കാരിക മേഖലകളിൽ നിറഞ്ഞുനിന്ന ആ മഹത്വ്യക്തിത്വത്തിന്റെ ദേഹവിയോഗത്തിൽ കേരളത്തിലെ പ്രമുഖ ദിനപത്രങ്ങളെല്ലാം എഡിറ്റോറിയലുകൾ എഴുതി.

ദീപിക പത്രം ഇങ്ങനെ എഴുതി: ''ക്രൈസ്തവ ചൈതന്യം അതിന്റെ പൂർണ്ണിമയിൽ പരിവേഷം ചാർത്തി നിന്ന ഒരു മതാദ്ധ്യക്ഷൻ കേരള സഭയ്ക്ക് നഷ്ടപ്പെട്ടു. രൂപതയുടെ അദ്ധ്യക്ഷപദം അലങ്കരിച്ചില്ലായിരുന്നെങ്കിൽകൂടി തിരുമേനിയുടെ സാന്നിധ്യം ക്രൈസ്തവ സഭയ്ക്ക് ആത്മചൈതന്യത്തിന്റെ തേജോപുഞ്ജമായിരുന്നേനേ...''

## കുടുംബം - വിദ്യാഭ്യാസം

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുള്ള ഒരു പരമ്പരാഗത സുറിയാനി ക്രൈസ്തവ കുടുംബത്തിലെ സന്മാതൃകകളും ക്രൈസ്തവാന്തരീക്ഷവുമാണു കാവുകാട്ടു പിതാവിലെ ഉന്നത വ്യക്തിത്വത്തെ രൂപപ്പെടുത്തിയതെന്ന് നിസ്സംശയം പറയാം. പ്രവിത്താനം അന്തിനാട് കാവുകാട്ടു കുടുംബത്തിലെ ചുമ്മാർ - ത്രേസ്യാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായി മാത്യു 1904 ജൂലൈ 17 ന് ഭൂജാതനായി.





**എല്ലാവിഭാഗം ജനങ്ങൾക്കും സംലഭ്യനും പ്രാപ്യനുമായ ഇടയനായിരുന്നു കാവുകാട്ടുപിതാവ്. പരപ്പാർന്ന വായനയിൽ നിന്നും ജ്ഞാനം സമ്പാദിച്ചിരുന്ന അദ്ദേഹം തന്റെ സന്ദർശകരിൽ നിന്ന് ആനുകാലികലോകത്തിന്റെ ചലനങ്ങളും ഒപ്പിയെടുത്തു.**

ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ കുടുംബത്തിന്റെ കാര്യങ്ങളെല്ലാം മൂത്ത മകനെ ഏൽപിച്ച് ഫ്രാൻസിസ്കൻ മൂന്നാം സഭയിൽ ചേർന്ന് ഏതാണ്ട് താപസനെപ്പോലെ കഴിച്ച തന്റെ അപ്പനെക്കുറിച്ച് പിതാവ് ഇങ്ങനെയാണ് എഴുതുന്നത്: ''എന്റെ അപ്പൻ വളരെ ദൈവഭക്തിയുള്ള ഒരു ദേഹമായിരുന്നു. ഇടവകപ്രശ്നങ്ങളിലെല്ലാം സഹകരിച്ച് പ്രവർത്തിക്കും. മരിക്കുന്നതുവരെ മൂന്നാംസഭയുടെ ഒരംഗമായി ജീവിച്ചു. ആരേയും കുറ്റം പറയുകയില്ലായിരുന്നു. കോപിക്കുന്ന പ്രകൃതവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്റെ പിതാവ് ഒരു പരോപകാരിയായിരുന്നു. മക്കൾക്ക് ജീവിക്കാൻ മാത്രം സ്വത്ത് കുടുംബത്തുണ്ടായിരുന്നതുകൊണ്ട് അവർക്കായി കൂടുതൽ സമ്പാദിക്കുന്നതിന് അപ്പൻ ശ്രമിച്ചില്ല.''

ചങ്ങനാശ്ശേരി എസ്.ബി കോളേജിൽ നിന്ന് ഇന്റർമീഡിയേറ്റ് പാസായി അദ്ദേഹം തിരുവനന്തപുരം ആർട്സ് കോളേജിൽ നിന്നു ബിരുദം സമ്പാദിച്ചു. നാട്ടിലെ രണ്ടാമത്തെ ബിരുദധാരിയായി വീട്ടിലെത്തി പഠനാവശ്യങ്ങൾക്കായി ഏറെക്കാലം വീട്ടിൽ നിന്നു മാറിനിന്ന മാത്യുവിന്റെ അഭിലാഷമനുസരിച്ച് കുറച്ചുനാൾ മാതാപിതാക്കളോടൊപ്പം കഴിഞ്ഞു. സ്ഥലത്തെ സ്കൂളിൽ അധ്യാപകനായും സഹായിച്ചു.

തുടർന്നു വൈദികനാകാനുള്ള ചെറുപ്പം മുതലെയുള്ള ആഗ്രഹമനുസരിച്ചു കോട്ടയം പെറ്റി സെമിനാരിയിൽ ചേർന്നു. ആലുവ മേജർ സെമിനാരിയിലെ പഠനത്തിനുശേഷം 1935 – ൽ ഡിസംബർ 21 ന് മാർ ജെയിംസ് കാളാശ്ശേരിയിൽ നിന്നു തിരുപ്പട്ടവും സ്വീകരിച്ചു. മാതൃകാ വിദ്യാർത്ഥിയായി സെമിനാരികളിൽ തിളങ്ങിയ അദ്ദേഹത്തെ ''എ ജെന്റിൽമേൻ'' എന്നാണ് ഒരു സതീർഥ്യൻ വിശേഷിപ്പിച്ചത്.

പൂഞ്ഞാർ കേംബ്രീഡ്ജ് സ്കൂൾ ആധ്യാപകൻ (1936), കോട്ടയം പെറ്റി സെമിനാരി വൈസ് റെക്ടറും ആത്മീയ പിതാവും (1937) കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് സ്കൂൾ ഹെഡ് മാസ്റ്റർ, അസി. വികാരി, എസ്. ബി കോളേജ് സുറിയാനി അധ്യാപകൻ, വാർഡൻ എന്നീ ചുമതലകൾ സകലരോടുമുള്ള കരുതലിലും കാരുണ്യത്തിലും നിർവഹിച്ച അദ്ദേഹം 1950 സെപ്റ്റംബർ 4 ന് ചങ്ങനാശ്ശേരി

മെത്രാനായി നിയമിതനായി. തന്റെ അയോഗ്യതയെ സൂചിപ്പിച്ചും ചങ്ങനാശ്ശേരിക്കാരായ ആരെയെങ്കിലും ആ പദവിക്കായി നിയോഗിക്കണമെന്നും പറഞ്ഞ് രണ്ടുതവണ ഈ പദവി വിനയപൂർവ്വം നിരസിച്ചെങ്കിലും അദ്ദേഹം ഒടുവിൽ ദൈവഹിതത്തിനു കീഴ്വഴങ്ങുകയായിരുന്നു. 1950 നവംബർ 9 ന് റോമിൽ വച്ച് പൗരസ്ത്യ സഭകളുടെ സ്നേഹിതനും കർദ്ദിനാൾമാരുടെ ഡീനുമായ ടിസറാംഗ് തിരുമേനിയിൽ നിന്നു മെത്രാഭിഷേകം സ്വീകരിച്ചു.

1951 ജനുവരി 3 ന് ചങ്ങനാശ്ശേരിയിൽ വച്ച് ഔദ്യോഗികമായി സ്ഥാനാരോഹണം ചെയ്ത മാർ മാത്യു കാവുകാട്ട് ''സ്നേഹത്തിൽ സേവനം'' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് എഴുതിയ ഒന്നാം ഇടയലേഖനം തന്റെ കാരുണ്യശുശ്രൂഷയുടെ ഒരു വിളംബര രേഖയായിരുന്നു. ദൈവകാരുണ്യശുശ്രൂഷയുടെ നിലയ്ക്കാത്ത ഒരു പ്രവാഹമായിരുന്നു തുടർന്നങ്ങോട്ട് അദ്ദേഹത്തിന്റെ ഇടയശുശ്രൂഷയെന്നു പറയാം.

അധ്യാപകനായിരുന്നെങ്കിലും വടിയെടുക്കുന്ന ഒരു ഹെഡ്മാസ്റ്റർ ആയിരുന്നില്ല, മറിച്ച്, ആകാരത്തിലും പ്രകാരത്തിലും അദ്ദേഹം കരുണാർദ്ര സ്നേഹാശ്ലേഷം നല്കുന്ന ഒരു പിതാവായിരുന്നു എന്നാണ് ജീവചരിത്രകാരനായ ഫാ. മാത്യു നടയ്ക്കൽ സൂചിപ്പിക്കുന്നത്. കുറ്റങ്ങൾക്കു പ്രതികാരവും ശിക്ഷയുമല്ല കാരുണ്യത്തിന്റെ യുക്തിയാണ് അദ്ദേഹത്തെ നയിച്ചത്.

തന്റെ സ്വർണ്ണമാല മോഷ്ടിച്ച കള്ളനെ പോലീസ് പിടിച്ചുകൊണ്ടുവന്നപ്പോൾ കേസെടുക്കാതെ അയാളെ വെറുതെ വിടാൻ നിർദേശിച്ചു. അരമനയിൽ തന്റെ കാറിനടുത്തു കളിച്ചു നടന്ന കുട്ടികളെ ശകാരിച്ച ഡ്രൈവറോട് കുട്ടികളെ കാറിൽ കയറ്റി കവലവരെ ഒന്നു കൊണ്ടുപോകാൻ പിതാവ് പറഞ്ഞു. ഇങ്ങനെ ഒട്ടേറെ കരുണാർദ്ര സമീപനങ്ങൾ നിറഞ്ഞ ജീവിതമായിരുന്നു കാവുകാട്ടുപിതാവിന്റേത്.

ഒട്ടേറെ നവസംരംഭങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. വടവാതൂർ സെമിനാരി, എം.ഒ.സി, മതബോധനത്തിനു സന്ദേശനിലയവും മുതിർന്നവരുടെ മതബോധനത്തിനു അദ്ധ്യയനമണ്ഡലവും, പാസ്റ്ററൽ കൗൺസിൽ, വൈദിക സമിതി, സാമൂഹികപ്രവർത്തന വകുപ്പ്, തിരുവനന്തപുരം ലൂർദ് സെന്റർ, കോർപ്പറേറ്റ് മാനേജ്മെന്റ്, ചെത്തിപ്പുഴ മിഷൻ ആശുപത്രി, കുട്ടികൾക്ക് അവധിക്കാല പരിശീലനങ്ങൾ തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്.

## മികച്ച സംഘാടകൻ

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പൊന്തിഫിക്കൽ കമ്മീഷനുകൾ തുടങ്ങി അതിന്റെ വിവിധ സെഷനുകളിൽ അദ്ദേഹം തന്റെ

അനാരോഗ്യത്തിലും പങ്കെടുത്തു. തന്റെ പ്രതിനിധിയായി അവിടെ ചുമതലപ്പെടുത്തിയ പ്ലാസിഡ് അച്ചന്റെ നേതൃത്വത്തിൽ പൗരസ്ത്യ സഭകളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്ന രേഖകൾ കൗൺസിലിൽ അംഗീകരിച്ചെടുക്കാനും അദ്ദേഹം നേതൃത്വം നൽകി.

തന്റെ വിദേശയാത്രകളിൽ യുവജനങ്ങൾക്കുള്ള പഠന-ജോലി സാധ്യതകൾ കണ്ടെത്താനും അദ്ദേഹം ശ്രമിച്ചു. തന്റെ പൗരോഹിത്യ ജൂബിലി ആഘോഷങ്ങൾക്കു പകരം പാവങ്ങൾക്കു പാർപ്പിടപദ്ധതി നടപ്പിലാക്കി അതിന്റെ ഒരു ആൽബം തനിക്ക് സമ്മാനിക്കണമെന്ന ആഹ്വാനത്തിന്റെ ഫലമായി മൂവായിരത്തിലധികം ഭവനങ്ങൾ നിർധനർക്കുവേണ്ടി ഉയരുകയുണ്ടായി. കാവുകാട്ടുപിതാവിന്റെ ഈ പാർപ്പിടപദ്ധതിയാണ് ലക്ഷംവീടുപദ്ധതിക്കു പ്രചോദനമായതെന്ന് മന്ത്രി എം. എൻ.ഗോവിന്ദൻനായർ പിന്നീട് പ്രസ്താവിക്കുകയുണ്ടായി.

## മനുഷ്യാവകാശ സംരക്ഷകൻ

കേരളം കണ്ട ഏറ്റവും വലിയ മനുഷ്യാവകാശ പ്രക്ഷോഭണങ്ങൾക്ക് പ്രശാന്തഗംഭീരനായ പിതാവ് നേതൃത്വം വഹിച്ചു. ''തനിക്ക് രാഷ്ട്രീയമില്ല, അദ്ധ്യാത്മിക കാര്യങ്ങളിൽ മാത്രമാണ് ശ്രദ്ധ'' എന്നു പറഞ്ഞ പിതാവ് കമ്മ്യൂണിസ്റ്റ് സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസ ബില്ലിനെതിരെ ശക്തമായി നിലകൊണ്ടു. തുടർന്ന് 1959 ൽ നടന്ന വിമോചനസമരത്തിന് സമുദായാചാര്യൻ മന്നത്ത് പത്മനാഭനേയും ക്രൈസ്തവ സഭാദ്ധ്യക്ഷന്മാരെയും അണി നിരത്തുന്നതിന് പിന്നിലെ മുഖ്യ ചാലകശക്തി കാവുകാട്ടുപിതാവായിരുന്നു. കേരള ഗവർണ്ണറെയും പ്രധാനമന്ത്രി നെഹ്റുവിനെയും അദ്ദേഹം നേരിട്ട് സന്ദർശിച്ച് പൊതുസമൂഹത്തിന്റെ ആവശ്യങ്ങളുണർത്തിച്ചു. 1961 ൽ ഇടുക്കി ഡാമിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട 1700 കുടുംബാംഗങ്ങൾക്കു



വേണ്ടി ശക്തമായി നിലകൊണ്ട അദ്ദേഹം അമരാവതി സന്ദർശിച്ച് അവർക്കുവേണ്ട സഹായമെത്തിച്ചു. തുടർന്നാണ് മന്ത്രിമാരുൾപ്പെടെ അവരെ സന്ദർശിക്കുകയും സഹായമെത്തിക്കുകയും ചെയ്തത്.

വിവിധ സഭാദ്ധ്യക്ഷന്മാരെ ഒന്നിച്ചണിനിരത്തി ക്രിസ്തീയാവ കാശങ്ങൾക്കുവേണ്ടിയും സമുദായാചാര്യന്മാരെ ചേർത്തു നിർത്തി മനുഷ്യാവകാശങ്ങൾക്കുവേണ്ടിയും അദ്ദേഹം പടനയിച്ചു.

എല്ലാവിഭാഗം ജനങ്ങൾക്കും സംലഭ്യനും പ്രാപ്യനുമായ ഇടയ നായിരുന്നു കാവുകാട്ടുപിതാവ്. പരപ്പാർന്ന വായനയിൽ നിന്നും ജ്ഞാനം സമ്പാദിച്ചിരുന്ന അദ്ദേഹം തന്റെ സന്ദർശകരിൽ നിന്ന് ആനുകാലികലോകത്തിന്റെ ചലനങ്ങളും ഒപ്പിയെടുത്തു. പരാതികളു മായി വരുന്നവർപോലും പ്രശാന്തഗംഭീരമായ ആ സാന്നിദ്ധ്യത്തിൽ അതുപറയാതെ പോയിരുന്നത്രെ; ആ പിതാവിനെ വിഷമിപ്പിക്കാൻ ആരും ആഗ്രഹിച്ചില്ലെന്നതാണ് സത്യം.


വേർപാടിന്റെ അമ്പത്തൊന്നാണ്ടുകൾ പിന്നിടുമ്പോഴും ജനസ ഹസ്രങ്ങൾ അദ്ദേഹത്തിന്റെ കബറിടത്തിങ്കൽ പ്രാർത്ഥനാസുമങ്ങളു മായി എത്തുന്ന കാഴ്ചയാണ് നാം കാണുന്നത്. സ്വർഗ്ഗത്തിലിരുന്നു കൊണ്ടു തന്റെ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഈ നല്ല പിതാവ് എത്രയുംവേഗം വിശുദ്ധുരുടെ നിരയിൽ പ്രശോഭിക്കുമാറാകട്ടെ എന്നാണ് ഏവരുടെയും പ്രാർത്ഥനയും പ്രതീക്ഷയും.

പരസ്നേഹത്തിന്റെ കല്പന പ്രായോഗികമാക്കിയ ഈ നല്ലയിട യനെ വിശുദ്ധരുടെ സമൂഹത്തിലേയ്ക്കു പ്രവേശിപ്പിക്കണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം. ■

## ഹൃദ്യമായ നന്ദി...



തോമസ് ചെറ്റക്കാട്



കുര്യച്ചൻ ഒളശ്ശയിൽ



റ്റോജോ പടനിലം

**സുത്യർഹമായ സേവനം കാഴ്ചവെച്ച മുൻകൈക്കാരൻമാർക്ക്
ഇടവകയുടെ ഹൃദ്യമായ നന്ദി...**

# ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ




നമ്മുടെ വിശ്വാസത്തിന്റെ സുനിശ്ചിതമായ ലക്ഷ്യത്തിലേക്ക് - യുഗാന്ത്യത്തിലേക്കും സ്വർഗ്ഗീയജീവിതത്തിലേക്കും - നയിക്കുന്ന വിധത്തിലാണ് പൗരസ്ത്യ സുറിയാനി ആരാധനാവത്സരം ക്രമവത്കരിച്ചിരിക്കുന്നത്. ഏലിയ-സ്ലീവാ-മൂശെക്കാലങ്ങൾ നമ്മുടെ ആരാധനാവത്സരത്തിന്റെ ലക്ഷ്യത്തിലേക്ക് - യുഗാന്ത്യത്തിലേക്കും സ്വർഗ്ഗീയജീവിതത്തിലേക്കും - നമ്മുടെ ചിന്തയെ നയിക്കുന്നു. ഈ കാലത്തിന്റെ അസാധാരണദൈർഘ്യംതന്നെ സമയത്തിന്റെയും കാലത്തിന്റെയും അന്ത്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നുവെന്ന് നമ്മുടെ യാമപ്രാർത്ഥനാസമാഹാരമായ ഹൂദ്രായ്ക്ക് എഴുതിയ ആമുഖത്തിൽ ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പത്രോസ് ഏലിയ രണ്ടാമൻ പാത്രിയർക്കീസ് വിശേഷിപ്പിക്കുന്നു. സ്ലീവായുടെ പുകഴ്ചയുടെ തിരുനാളിനെ കേന്ദ്രീകരിച്ചാണ് ഈ കാലം രൂപവൽക്കരിച്ചിക്കുന്നത്. യുഗാന്ത്യത്തിൽ കർത്താവിന്റെ അടയാളം ആകാശത്ത് പ്രത്യക്ഷമാകും (മത്താ 24:30) എന്ന വചനം അന്വർഥമാക്കിക്കൊണ്ടാണ് സ്ലീവായുടെ പുകഴ്ച്ചക്ക് ഈ കാലഘട്ടത്തിൽ കേന്ദ്രസ്ഥാനം ലഭിച്ചത്. ''യുഗാന്ത്യത്തിൽ ഏലിയാ വരും, നാശത്തിന്റെ പുത്രനെ തോൽപ്പിക്കും; അതേത്തുടർന്ന് കർത്താവിന്റെ സ്ലീവാ പ്രത്യക്ഷമാകും. വിധിയാളനായ മിശിഹാ വന്ന് രക്ഷ പ്രാപിക്കുന്ന വരെ തന്റെ രാജ്യത്തേക്ക് ആനയിക്കും'' എന്നാണ് പതിനൊന്നാം നൂറ്റാണ്ടിലെ യാമപ്രാർത്ഥനാവ്യാഖ്യാനത്തിൽ (Expositio Officiorum) കാണുന്നത്. പതിനാലാം നൂറ്റാണ്ടിൽ

> അവസാന നാളുകളിലേക്ക്, അഥവാ മിശിഹായിൽ പ്രത്യാശവയ്ക്കുന്നവർ ഇപ്പോൾ ത്തന്നെ ഏറ്റുവാങ്ങുന്നതും നിത്യതയിൽ ഫലം ചൂടുന്നതുമായ സ്വർഗ്ഗീയ ജീവിതത്തിലേക്കാണ്, ഏലിയാ–സ്ലീവാ– മൂശെക്കാലങ്ങൾ നമ്മുടെ ചിന്തകളെ ആനയിക്കുന്നത്.

ജീവിച്ചിരുന്ന യാമപ്രാർത്ഥനാവ്യാഖ്യാതാവായ ബ്രീക് ഈശോ ഏലിയാ–സ്ലീവാ–മൂശെക്കാലത്തെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നു:

''ആണ്ടു മുഴുവന്റെയും അവസാനം ആണിത്. ഒടുവിൽ, സമയത്തിന്റെ അന്ത്യത്തിൽ, തീക്ഷ്ണനായ ഏലിയാ അയക്ക്പ്പെടും. അവൻ നാശത്തിന്റെ പുത്രന്റെ സകല തന്ത്രങ്ങളും കൗശലങ്ങളും ഇല്ലാതാക്കി തന്റെ തീക്ഷ്ണതയുടെ അഗ്നിയിൽ നശിപ്പിച്ചുകളയും. വിശുദ്ധ സ്ലീവായുടെ അനുസ്മരണം ആകട്ടെ, ഈ കാലഘട്ടത്തേക്കാണ് ആണ് ഈശോയാവ് നിശ്ചയിച്ചത്. കാരണം, ഏലിയാ രക്ഷയുടെ സ്ലീവാ കൈകളിൽ വഹിച്ച് അതുകൊണ്ട് നാശപുത്രനെ എതിരിട്ടു യുദ്ധംചെയ്ത് തോൽപ്പിക്കുകയും സ്ലീവായുടെ ആരാധനയിലേക്ക് എല്ലാവരെയും മാനസാന്തരപ്പെടുകയും ചെയ്യും. വിശുദ്ധ ഈശോയാവ് ഈ കാലത്തിന്റെ മുഴുവൻ ചിഹ്നമായി ഈ അടയാളത്തെ തിരഞ്ഞെടുത്തു നിശ്ചയിക്കുകയും ചെയ്തു.''

കർത്താവിന്റെ രൂപാന്തരീകരണവേളയിൽ ഏലിയായും മോശയും പ്രത്യക്ഷപ്പെടുന്നതിനെ യുഗാന്ത്യത്തിന്റെ സൂചനയായി കാണുകയാണിവിടെ. ''നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണത്തിൽ ഏലിയാ ജീവനുള്ളവരെയും, മോശ മരണമടഞ്ഞവരെയും പ്രതിനിധീകരിക്കുന്നു'' എന്ന് മാർ അപ്രേം വ്യാഖ്യാനിക്കുന്നു. ഏലിയായുടെ പ്രാധാന്യം വിളിച്ചോതിക്കൊണ്ട് ഈ കാലഘട്ടത്തിലെ ആദ്യത്തെ ഏഴ് ആഴ്ചകൾ ''ഏലിയായുടെ നോമ്പ്'' ആയി ചില സുറിയാനി സന്ന്യാസവിഭാഗങ്ങൾ ആചരിച്ചിരുന്നു.

സാത്താന്റെ കെണികളെ ജയിച്ച രണ്ടാമാദമായ മിശിഹായെപ്പോലെ സ്ലീവായുടെ ശക്തിയാൽ തിന്മയെ ജയിക്കാനും സ്വർഗ്ഗീയവരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനും യുഗാന്ത്യത്തെയും നിത്യവിധിയെയും ഓർത്ത് അനുതപിക്കാനും നാശപുത്രനെ ജയിക്കാനുമെല്ലാം ഏലിയാക്കാലത്ത് നാം പ്രാർത്ഥിക്കുന്നു.

## സ്ലീവാക്കാലം

സ്ലീവാക്കാലമാകട്ടെ കർത്താവിന്റെ സ്ലീവാ കണ്ടെത്തിയതിന്റെയും (സെപ്റ്റംബർ 13) അത് ലോകത്തിൽ ഉയർത്തി പ്രഖ്യാപിച്ചതിന്റെയും (സെപ്റ്റംബർ 14) ഓർമ്മയായ സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ



മുതൽ ആരംഭിക്കുന്ന കാലമാണ്. (പൗരസ്ത്യ സുറിയാനി സഭ മാർ സ്ലീവാ കണ്ടെത്തിയ സെപ്റ്റംബർ 13-ാം തീയതിയാണ് 'സ്ലീവാ കണ്ടെടുത്ത തിരുനാൾ' എന്നപേരിൽ ഈ തിരുനാൾ ആചരിച്ചിരുന്നത്. (Vatican Syr. 1301). ഈശോയുടെ ഉയിർപ്പുതിരുനാൾ സ്ലീവാ ദേവാലയമധ്യത്തിൽ ഉയർത്തിയാണ് പൗരസ്ത്യ സഭകൾ ആഘോഷിക്കുന്നത്. മിശിഹായുടെ ഉയിർപ്പിന്റെ അതേ ചൈതന്യത്തിൽ അവിടുത്തെ നിത്യസാന്നിധ്യത്തിന്റെ പ്രതീകമായി സ്ലീവായെ എടുത്തുകാട്ടുന്ന കാലമാണിത്. സ്ലീവായുടെ പഴയനിയമ സൂചനകൾ: പറുദീസയിലെ ജീവന്റെ വൃക്ഷം (ഉല്പത്തി 3:2); മോശയുടെ വടി (പുറ 14:6); മോശ മരുഭൂമിയിൽ ഉയർത്തിയ പിത്തളസർപ്പം (സംഖ്യ 21:8-9); മാറായിലെ കൈപ്പുവെള്ളം മധുരതരമാക്കിയ തടിക്കഷണം (പുറ 15:22) എന്നിവയെ അനുസ്മരിച്ചു കൊണ്ട് മിശിഹായുടെ പ്രത്യാഗമനത്തെയും സ്ലീവായുടെ വിജയത്തെയും പ്രകീർത്തിക്കുന്ന ആരാധനവത്സര കാലഘട്ടമാണ് സ്ലീവാക്കാലം.

പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ട മൂശെക്കാലമാകട്ടെ, സ്ലീവാക്കാലത്തിന്റെ തുടർച്ചയെന്നോണം സ്ലീവായുടെ വിജയത്തിന്റെ ധ്യാനചിന്തകളാണ് നൽകുന്നത്. സ്ലീവാക്കാലവും മൂശെക്കാലവും ഒരു കാലഘട്ടമായാണ് കേരളത്തിലെത് Vatican Syr 22:1301) ഉൾപ്പെടെയുള്ള പുരാതന കയ്യെഴുത്തുപ്രതികളിൽ കാണുന്നത്. പേർഷ്യയിലെ പുതുവർഷം ആരംഭിക്കുന്ന ഒക്ടോബർ മാസം മൂശെക്കാലത്തിന്റെ ആരംഭമായി, അഥവാ സൃഷ്ടിയുടെ ആരംഭമായി പതിനൊന്നാം നൂറ്റാണ്ടിലെ യാമപ്രാർത്ഥനാവ്യാഖ്യാനത്തിൽ (Expositio) അവതരിപ്പിക്കുന്നുണ്ട്. സെപ്റ്റംബർ മാസം വർഷാരംഭവും അതുകൊണ്ട് ആരാധനാവത്സരവും ആരംഭിക്കുന്ന ഗ്രീക്ക്-ബൈസന്റൈൻ സഭകളുടെ സ്വാധീനത്താൽ ആവാം ഇത്. ഏതായാലും, അനുതാപത്തിന്റെ ആവശ്യകതയെക്കുറിച്ചും സ്ലീവായുടെ ശക്തിയെയും മഹത്ത്വത്തെക്കുറിച്ചും പ്രതിപാദിക്കുന്ന കാലമാണിത്.

ചുരുക്കത്തിൽ, യുഗാന്ത്യത്തെക്കുറിച്ച്, അന്തിമകാലത്തെക്കുറിച്ചും സ്വർഗ്ഗീയജീവിതത്തെക്കുറിച്ചും, നമ്മെ ഓർമ്മിപ്പിക്കുന്ന മുന്നറിയിപ്പുകളുടെയും പ്രത്യാശയുടെയും ചിന്തകൾ പങ്കുവയ്ക്കുന്ന പ്രാർത്ഥനകളും ഗീതങ്ങളുമാണ് ഏലിയാ സ്ലീവാ മൂശെക്കാലങ്ങൾ നമുക്ക് നൽകുന്നത്.

അവസാന നാളുകളിലേക്ക്, അഥവാ മിശിഹായിൽ പ്രത്യാശവയ്ക്കുന്നവർ ഇപ്പോൾത്തന്നെ ഏറ്റുവാങ്ങുന്നതും നിത്യതയിൽ ഫലം ചൂടുന്നതുമായ സ്വർഗ്ഗീയ ജീവിതത്തിലേക്കാണ്, ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ നമ്മുടെ ചിന്തകളെ ആനയിക്കുന്നത്.

**ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ**





**റവ. സി. ജെയിൻ കൊട്ടാരം** CMC
(1935-2020)

# കാവുകാട്ടുപിതാവിന്റെ ആത്മീയപുത്രി

**മൂന്നുദശാബ്ദം** അസംപ്ഷൻ കോളേജിൽ പ്രൊഫസർ, വൈസ്-പ്രിൻസിപ്പൽ എന്നീ നിലകളിലും, റിട്ടയർമെന്റിനു ശേഷം മറ്റൊരു മൂന്നു ദശാബ്ദം ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ നാമകരണനടപടികളുടെ വൈസ് - പോസ്റ്റുലേറ്റർ എന്ന നിലയിലും സേവനമനുഷ്ഠിച്ചിരുന്ന റവ. സി. ജെയിൻ കൊട്ടാരം CMC - യുടെ ആകസ്മിക ദേഹവിയോഗം കർമ്മല സന്ന്യാസിനീസഭയെ മാത്രമല്ല, ചങ്ങനാശേരി അതിരൂപതയെയും വിശിഷ്യാ, കാവുകാട്ടുതിരുമേനിയെ സ്നേഹിക്കുകയും വണങ്ങുകയും ചെയ്യുന്ന സകല വിശ്വാസികളെയും കണ്ണീരിലാഴ്ത്തി. സന്ന്യാസജീവിതത്തിനും അധ്യാപക വൃത്തിയ്ക്കും ഉദാത്ത മാതൃകയായിരുന്ന ഈ സ്ത്രീരത്നം സഭയ്ക്കും സമൂഹത്തിനും ചെയ്ത നന്മകൾ നിരവധിയാണ്.

പുണ്യശ്ലോകനായ കാവുകാട്ടുപിതാവിനോടു ജെയ്നമ്മയ്ക്കുണ്ടായിരുന്ന ആത്മീയ അടുപ്പവും പിതാവിന്റെ നാമകരണനടപടികൾക്ക് സിസ്റ്റർ നൽകിയ നിസ്തുലമായ ശുശ്രൂഷയും തന്റെ 'ദൈവവിളിക്കുള്ളിലെ വിളി'യായി (call within a call) ജെയ്നമ്മ മനസ്സിലാക്കിയിരുന്നു. കാവുകാട്ടുപിതാവിന്റെ പുണ്യജീവിതം പ്രചരിപ്പിക്കുന്നത് തന്റെ ദ്വിതീയവിളിയായി സ്വീകരിച്ച സന്ന്യാസശ്രേഷ്ഠയാണ് സി. ജെയിൻ കൊട്ടാരം. കാവുകാട്ടുതിരുമേനിയുടെ 116-ാം ജന്മദിനവാർഷികത്തിൽത്തന്നെ (ജൂലൈ 17) ജെയ്നമ്മ ഈ ലോകത്തോടു വിടപറഞ്ഞു എന്നത് ആ പുണ്യ പിതാവിനോടുള്ള

അവരുടെ ആത്മീയ ഇഴയടുപ്പത്തിന്റെ അവസാന സാക്ഷ്യ പത്രമാണ്.

1994 ജനുവരി 24 മുതൽ സുദീർഘമായ 27 വർഷങ്ങൾ, കാവുകാട്ടുപിതാവിന്റെ നാമകരണ നടപടിയുടെ വൈസ് - പോസ്റ്റുലേറ്ററായി ജെയ്നമ്മ സേവനം ചെയ്തുവന്നു. ഈ കാലയളവിൽ ആറോളം വൈദികർ ഈ ഉത്തരവാദിത്വത്തിൽ സഹപ്രവർത്തകരായി - വൈസ് പോസ്റ്റുലേറ്ററായി - ശുശ്രൂഷ ചെയ്ത് സ്ഥലം മാറിപോയിട്ടുണ്ട്. എന്നാൽ, ജെയ്നമ്മ ഏകവും ഏകാഗ്രവുമായ മനസ്സോടെ, നിതാന്തവിശ്വസ്തതയോടെ ഈ ഉത്തരവാദിത്വം ഇക്കാലമത്രയും നിർവ്വഹിച്ചുപോന്നു. കാവുകാട്ടു പിതാവിനെക്കുറിച്ച് ജെയ്നമ്മ എഴുതിയ ലേഖനങ്ങളും പംക്തികളും നിരവധിയാണ്. ബഹു. ജേക്കബ് കാട്ടൂരച്ചനോടൊന്നിച്ച് കൈനിറയെ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ അവസാന വ്യാഴവട്ടക്കാലം, ബഹു. മാത്യു മറ്റത്തിലച്ചനോടൊപ്പംനിന്ന് കാവുകാട്ടു മ്യൂസിയത്തിനും നാമകരണ ഓഫീസിനും ജെയ്നമ്മ നേതൃത്വം നൽകിവന്നു.

കാവുകാട്ടുപിതാവിന്റെ ആത്മീയപുത്രിയായി അറിയപ്പെടുന്നതിൽ ജെയ്നമ്മ അഭിമാനിച്ചിരുന്നു. പിതാവിന്റെ പുണ്യജീവിതത്തെ സ്ഥിരീകരിക്കുംവിധം ക്യാൻസറിൽനിന്ന് ഒരു അത്ഭുത രോഗസൗഖ്യവും പിതാവിന്റെ മാദ്ധ്യസ്ഥ്യംവഴി ജെയ്നമ്മയ്ക്കു ലഭിക്കുകയുണ്ടായി. ജെയ്നമ്മയുടെ മരണദിവസമായി ദൈവം നിശ്ചയിച്ചതാകട്ടെ, കാവുകാട്ടു പിതാവിന്റെ ജനനദിവസവും.

വെറും യാദൃശ്ചികമായി ഇതിനെ കാണാനാവില്ല. വിശ്വാസത്തിന്റെ കണ്ണുകളിൽമാത്രം ദർശിക്കേണ്ട ദൈവപരിപാലനത്തിന്റെ ആത്മീയ രഹസ്യമാണിത്. ജെയ്നമ്മയുടെ സ്വർഗ്ഗീയയാത്രയിൽ നമുക്ക് യാത്രാമൊഴികൾ നൽകാം. ചങ്ങനാശേരി അതിരൂപതാകുടുംബം ഈ മഹതിയുടെ നന്മകളാൽ സമ്പന്നമാണ്, അവളുടെ സ്വർഗ്ഗീയ പ്രവേശനത്താൽ അതിലേറെ സമ്പന്നയായി ഭവിക്കും.

ജെയ്നമ്മയുടെ നിര്യാണത്തിൽ ദുഃഖാർത്തരായ കുടുംബാംഗങ്ങളെയും ശിഷ്യഗണത്തെയും സഭാസമൂഹത്തെയും അനുശോചനം അറിയിച്ചു കൊണ്ടും കാവുകാട്ടുപിതാവിന്റെ നാമകരണ നടപടികളുമായി ബന്ധപ്പെട്ട് ജെയ്നമ്മ ചങ്ങനാശേരി അതിരൂപതയ്ക്കു നൽകിയ നിസ്തുലമായ സേവനങ്ങളെ നന്ദിപുരസരം സ്മരിച്ചുകൊണ്ടും ഈ സ്ത്രീരത്നത്തിന് അന്തിമോപചാരം അർപ്പിക്കുന്നു.

**ഫാ. ജോസഫ് (റോബി) ആലഞ്ചേരി**
(പോസ്റ്റുലേറ്റർ)

# ജലത്താലും ആത്മാവിനാലും

1. കോച്ചേരി കുര്യൻ - ആമി മകൻ ജോൺ 06.09.2020
2. ഇടശേരിപറമ്പിൽ ജോമോൻ - റൂബിറ്റ മകൾ അന്ന 27.09.2020

---



"നമ്മൾ ദിവ്യകാരുണ്യം എത്രയധികമായി സ്വീകരിക്കുന്നുവോ, അത്രമാത്രം നാം ഈശോയെ പോലെയാകുന്നു. അങ്ങനെ ഈ ഭൂമിയിൽ നമുക്ക് സ്വർഗ്ഗത്തിന്റെ ഒരു മുന്നാസ്വാദനം ഉണ്ടാകുന്നു"

വാ. കാർലോ അക്യൂറ്റിസ്
(ദിവ്യകാരുണ്യത്തിന്റെ സൈബർ അപ്പസ്തോലൻ)

## ഹൃദ്യമായ സ്വാഗതം



ജോണി കണ്ടങ്കരി



ജോർജ്ജുകുട്ടി വാരണത്ത്



വിന്നിച്ചൻ കല്ലൂക്കളം

പുതുതായി ചാർജ്ജെടുത്ത കൈക്കാരൻമാർക്ക് ഇടവകയുടെ ഹൃദ്യമായ സ്വാഗതം...



# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക പയ്യംപള്ളി തോമസ്-ഏലിയാമ്മ മകൻ ജോസഫും തൃക്കൊടിത്താനം ഫൊറോനാ പള്ളി ഇടവക പുതുപ്പറമ്പിൽ ജോർജ് -മറിയാമ്മ മകൾ റോസ് മേരിയും തമ്മിലുള്ള വിവാഹം – 26.08.2020
2. ഈ ഇടവക മാളികയിൽ തോമസ്-ലീനാ മകൻ സെബാസ്റ്റ്യനും പാലാ സെന്റ് തോമസ് കത്തീഡ്രൽ ഇടവക കുറുപ്പശ്ശേരി മാത്യു-എത്സമ്മ മകൾ ഏലിയും തമ്മിലുള്ള വിവാഹം – 29.08.2020
3. ഈ ഇടവക വെട്ടിത്തുരുത്ത് കൂട്ടക്കര വർഗീസ്-കത്രീനാമ്മ മകൻ ചാക്കോയും പറാൽ ഇടവക പുത്തൻചിറ ഔസേഫ്-റോസമ്മ മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം – 29.08.2020
4. ഈ ഇടവക കളപ്പുരയ്ക്കൽ ജോസഫ്-ലിസമ്മ മകൻ ചെറിയാനും ളായിക്കാട് ഇടവക മരങ്ങാട്ട് ജോൺസൺ-ഷൈനി മകൾ അന്നയും തമ്മിലുള്ള വിവാഹം – 31.08.2020
5. ഈ ഇടവക ഒളശ്ശയിൽ ജോസ്-മേരി മകൻ പോൾ ചാണ്ടിയും തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോനാ ഇടവക പള്ളിക്കമാലിൽ സന്തോഷ്-ഡാർളി മകൾ ട്രീസയും തമ്മിലുള്ള വിവാഹം – 02.09.2020
6. ഈ ഇടവക നെല്ലിപ്പള്ളി ബാബു-മോളി മകൻ ദേവസ്യായും നെടുംകുന്നം ഇടവക സ്കറിയ-ലാലി മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം – 05.09.2020
7. ഈ ഇടവക വെട്ടുകുഴിയിൽ ജേക്കബ്-അനു മകൻ ജോസും വടക്കുംകര ഇടവക അമ്പഴത്തുങ്കൽ തോമസ്-ജെസി മകൾ മേരിയും തമ്മിലുള്ള വിവാഹം – 10.09.2020
8. ഈ ഇടവക കോലത്ത് ലൂയിസ്-എൽസി മകൾ സെബാസ്റ്റ്യനും പൂവത്തിങ്കൽ ഇടവക പാണാടൻ ജോൺസൺ-ബീറ്റാ മകൾ അന്നയും തമ്മിലുള്ള വിവാഹം – 12.09.2020
9. ഈ ഇടവക പാലത്തുങ്കൽ ഗ്രിഗറി-ആലീസ് മകൻ തോമസും വെരൂർ ഇടവക പോളയ്ക്കൽ തോമസ്-ജെസി മകൾ അന്നയും തമ്മിലുള്ള വിവാഹം – 12.09.2020
10. ഈ ഇടവക ചിറ്റേട്ടുകളം കുര്യാക്കോസ്-ജാസ്മിൻ മകൻ കുര്യാക്കോസും മുട്ടം ഫൊറോനാ ഇടവക കണ്ടത്തിൽ പൗലോസ്-സിന്ധു മകൾ മറിയവും തമ്മിലുള്ള വിവാഹം – 14.09.2020
11. ഈ ഇടവക കരിങ്ങണാമറ്റം ജോൺ-മേഴ്സി മകൻ ആന്റണി അൽഫോൻസും തുരുത്തി ഫൊറോനാപ്പള്ളി ഇടവക പള്ളിക്കളം സജിമോൻ-തങ്കച്ചി മകൾ മറിയവും തമ്മിലുള്ള വിവാഹം – 16.09.2020



# ഉത്ഥിതനോടൊപ്പം

1. തൂമ്പുങ്കൽ ജോജി ആന്റണി (52) 29.08.2020
2. മണിയംപള്ളി റോസമ്മ ആന്റണി (88) 09.09.2020
3. മൂലയിൽ ഗ്രേസി വർഗീസ് (87) 14.09.20200
4. കാവാലം പുതുപ്പറമ്പിൽ ഏലി ദേവസ്യാ (75) 21.09.2020
5. കൊച്ചിടനാട് ത്രേസ്യാമ്മ ജോസഫ് (92) 21.09.2020
6. പുതുപ്പറമ്പ് ജോസി വർഗീസ് (51) 25.09.2020
7. ചെന്നിക്കര സി.എഫ്. തോമസ് എം.എൽ.എ. (81) 27.09.2020
8. മുപ്പതിൽച്ചിറ ഏലിയാമ്മ ചാക്കോ (90) 28.09.2020
9. കളിയ്ക്കൽ അമ്മിണി ജോസഫ് (74) 03.10.2020
10. ചാവടിയിൽ സി.ജെ. ചെറിയാൻ (70) 26.09.2020
11. തയ്യിൽ റ്റി.സി. കുഞ്ഞുമോൻ (59) 03.10.2020
12. കറുകയിൽ ലിക്സൺ വർഗീസ് (19) 04.10.2020
13. ഇടശ്ശേരിപറമ്പിൽ ജോസഫ് മാത്യു (75) 05.10.2020
14. നാല്പതാംകളം എൻ.എം. ജോസഫ് (93) 06.10.2020

## ആദരാഞ്ജലികൾ



**സി.എഫ്. തോമസ്** MLA
(1939-2020)

**മരണം:** 27.09.2020